# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22
No.4
കാർത്തികപ്പള്ളി
R.No. 7361/02
2022 APRIL

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## കൃത്രിമ ചന്ദ്രൻ



ചന്ദ്രനിലെ ഗുരുത്വം കുറഞ്ഞ സാഹചര്യങ്ങൾ പഠിക്കാനായി കൃത്രിമ ചന്ദ്രനെ ഭൂമിയിൽ ഒരുക്കാൻ ചൈനയുടെ ശ്രമം. ഈ വർഷം തന്നെ ഈ സംവിധാനം പ്രവർത്തനം തുടങ്ങുമെന്നാണു കരുതപ്പെടുന്നത്. രണ്ട് അടി വ്യാസമുള്ള ഒരു വാക്വം ചേമ്പറിനുള്ളിൽ ശക്തമായ കാന്തിക തരംഗങ്ങൾ ഉപയോഗിച്ചാകും കൃത്രിമ ചന്ദൻ നടപ്പിൽ വരുത്തുക.

ചൈന യൂണിവേഴ്സിറ്റി ഓഫ് മൈനിങ് ആൻഡ് ടെക്നോളജിയുടെ നേതൃത്വത്തിലാകും കൃത്രിമ ചന്ദ്രൻ നിർമ്മിക്കുന്നത്. കൃത്രിമ മണലും മണ്ണുമുപയോഗിച്ച് ചന്ദ്രോപരിതലത്തിന്റെ പശ്ചാത്തലവും ഈ കൃത്രിമ ചന്ദ്രനിലൊരുക്കും. കുറഞ്ഞ ഗുരുത്വമുള്ള അന്തരീക്ഷം ഒരുപാടു സമയത്തേക്കു നിലനിർത്തുന്ന രീതിയിലാകും കൃത്രിമ ചന്ദ്രന്റെ നിർമ്മാണം. യു.എസിനു പിന്നാലെ ചന്ദ്രനിൽ കാൽകുത്തുന്ന രണ്ടാമത്തെ രാജ്യമാകാനാണു ചൈനീസ് പദ്ധതി. ഇതു നടപ്പാക്കുന്നതിനു മുന്നോടിയായി ചന്ദ്രനിലെ സാഹചര്യങ്ങൾ ഇവിടെ പുനഃസൃഷ്ടിക്കാനാണു കൃത്രിമ ചന്ദ്രന്റെ നിർമ്മാണം ചൈന ത്വരിതഗതിയിലാക്കിയത്. പോകുന്നതിനു മുൻപുതന്നെ ചന്ദ്രനിൽ പുലർത്തേണ്ട കാര്യങ്ങളെക്കുറിച്ചും, ബേസുകൾ നിർമ്മിക്കുകയാണെങ്കിൽ



അവയ്ക്കുവേണ്ട ഘടനയെക്കുറിച്ചുമൊക്കെ ഒരു അടിസ്ഥാന ധാരണ കിട്ടാൻ കൃത്രിമ ചന്ദ്രൻ സഹായിക്കും.

## നരക കവാടം



1971-ൽ തുർക്ക്മെനിസ്ഥാൻ, സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന കാലം. സോവിയറ്റ് ശാസ്ത്രജ്ഞർ ദേർവേസിൽ ഒരിടത്ത് പ്രകൃതിദത്തമായ വാതകനിക്ഷേപം കണ്ടെത്തി. സാമ്പിളെടുക്കാൻ സ്ഥലം കുഴിച്ചുനോക്കിയതും മണ്ണിടിഞ്ഞ് അവിടെ ഒരു വലിയ ഗർത്തം രൂപപ്പെട്ടു. അതിനുള്ളിൽനിന്ന് വൻതോതിൽ വാതകം പുറത്തേക്കുവരാനും തുടങ്ങി. വാതകത്തിൽ വിഷവാതകത്തിന്റെ അംശവുമുണ്ടെന്ന് കണ്ടെത്തി. അതോടെ അപകടകരമായ വാതകങ്ങൾ പുറത്തുവരുന്നത് തടയാൻ ശാസ്ത്രജ്ഞർ ആ സ്ഥലത്ത് തീയിട്ടു. തീയിടുന്നതോടെ വാതകം കത്തിപ്പോകുമെന്നാണ് അവർ കരുതിയത്. രണ്ടാഴ്ചകൊണ്ട് വാതകം കത്തിത്തീരുമെന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ അതു തെറ്റി! തീ അണഞ്ഞതേയില്ല. ഇപ്പോഴും തീ കത്തിക്കൊണ്ടിരിക്കാൻ കാരണം അവിടുത്തെ മീഥേയ്ൻ വാതകത്തിന്റെ സാന്നിധ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നരകത്തിന്റെ കവാടം എന്നാണ് 30 മീറ്റർ താഴ്ചയുള്ള ദേർവേസ് വാതകഗർത്തം അറിയപ്പെടുന്നത്.

## ഐവിയുടെ കലാസൃഷ്ടി

കയ്യിൽ ഒത്തിരി കാശുണ്ടെങ്കിലും അഹംഭാവമൊന്നും നമ്മുടെ ഐവിക്കില്ല. ഇനി 'ഐവി' ആരാണെന്ന് കേട്ടോളു. ഒരു ഒമ്പതു വയസുകാരൻ നായയാണ്. യു.എസി-ലെ നോർത്ത് കരോലിനയിലെ ലിസ എന്ന 52 വയസുകാരിയാണ് ഐവിയുടെ ഉടമ.



ഐവി എങ്ങനെയാണ് കാശുണ്ടാക്കിയതെന്നു കേട്ടാൽ എല്ലാവരുമൊന്നു ഞെട്ടും. പെയിന്റിംഗിലൂടെയാണ് ഐവി കാശുണ്ടാക്കുന്നത്. ഇതുവരെ 15 ലക്ഷം രൂപയോളം ഇങ്ങനെ ഐവി സമ്പാദിച്ചു കഴിഞ്ഞു. ഉടമ ലിസ കൈറ്റ്, ഐവിയെ അവൾക്ക് രണ്ട് വയസ്സുള്ളപ്പോൾ മുതൽ പെയിന്റ് ചെയ്യാൻ പഠിപ്പിക്കാൻ തുടങ്ങിയതാണ്.

ഐവിയുടെ കലാസൃഷ്ടികളിൽ നിന്നുള്ള ലാഭം ലിസ അവരുടെ പ്രദേശത്തെ പ്രാദേശിക ചാരിറ്റികൾക്കും ഫുഡ് ബാങ്കുകൾക്കും സംഭാവന ചെയ്യുകയാണ് ചെയ്യുന്നത്. ഐവിയെ സംബന്ധിച്ചിടത്തോളം പെയിന്റിംഗ് വളരെ രസകരമാണ്; അവൾ പോസിറ്റീവ് റൈൻഫോഴ്സ്മെന്റ് പരിശീലിപ്പിക്കുകയും ലോകത്തിന് നല്ലത് നൽകുകയും ചെയ്യുന്നു.

## മെറ്റാവേഴ്സ് വിവാഹം

സാങ്കേതിക ലോകം അതിവേഗമാണ് വളരുന്നത്. മനുഷ്യന്റെ ഓരോ നീക്കങ്ങളും സാങ്കേതിക ലോകത്തേക്ക് ഒതുങ്ങുകയാണ്. മാസങ്ങൾക്ക് മുൻപ് തമിഴ്നാട്ടിൽ നിന്നുള്ള ദമ്പതികൾ തങ്ങളുടെ വിവാഹ സൽക്കാരം മെറ്റാവേഴ്സിൽ സംഘടിപ്പിച്ചത് വലിയ വാർത്തയായിരുന്നു. പാരമ്പര്യവും സാങ്കേതികവിദ്യയും ഒരുമിച്ച് കൊണ്ടുവന്നതായിരുന്നു ആ വിവാഹത്തിന്റെ പ്രത്യേകത. ഏഷ്യയിലെതന്നെ ആദ്യത്തെ മെറ്റാവേഴ്സ് വിവാഹമായിരുന്നു അത്. ഇതിന്റെ വീഡിയോകളും ചിത്രങ്ങളും ഇപ്പോൾ സമൂഹ മാധ്യമങ്ങളിൽ ട്രന്റിങ്ങാണ്.





തമിഴ്നാട്ടിലെ ആദിവാസി ഗ്രാമമായ ശിവലിംഗപുരത്ത് ദിനേശ് എസ്പിയും ജനഗനന്ദിനി രാമസ്വാമിയും ഫെബ്രുവരി ആറിന്, ഞായറാഴ്ചയാണ് വിവാഹിതരായത്. വെർച്വൽ ലോകത്ത് നടന്ന അന്നത്തെ വിവാഹ സൽക്കാരത്തിൽ ലോകമെമ്പാടുമുള്ള നിരവധി സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും പങ്കെടുക്കാൻ കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്. മരിച്ചുപോയ പിതാവ് വരെ വിവാഹത്തിൽ പങ്കെടുത്തു.

ഡിജിറ്റൽ അവതാരങ്ങളിലൂടെ ഉപയോക്താക്കൾക്ക് 'ജീവിക്കാനും മറ്റുള്ളവരുമായി സംവദിക്കാനും കഴിയുന്ന ഒരു വെർച്വൽ 3ഡി സംവിധാനമാണ് മെറ്റാവേഴ്സ്. ഓഗ്മെന്റഡ് റിയാലിറ്റി, ബ്ലോക്ക്ചെയിൻ, വെർച്വൽ റിയാലിറ്റി തുടങ്ങിയ സാങ്കേതികവിദ്യയുടെ ഒന്നിലകധികം ഘടകങ്ങൾ സംയോജിപ്പിച്ചാണ് ഇത് സാധ്യമാക്കുന്നത്.'

കോവിഡ് മഹാമാരി കാരണം വിവാഹത്തിനും സ്വീകരണത്തിനും സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും എണ്ണം 100 ആയി പരിമിതപ്പെടുത്തേണ്ടി വന്നു. ഇതിനാൽ, ശിവലിംഗപുരത്ത് ഒരു ചെറിയ കൂട്ടം ആളുകളുടെ സാന്നിധ്യത്തിൽ വിവാഹവും അനുബന്ധ റിസപ്ഷനും നടത്താൻ തീരുമാനിച്ചു. ഇതോടെ കൂടുതൽ പേർക്ക് പങ്കെടുക്കാനായി വിവാഹം മെറ്റാവേർസിലേക്ക് മാറ്റുകയായിരുന്നു.

## ജീവിയ്ക്കാൻ മറന്ന ജപ്പാൻകാർ

കഠിനാധ്വാനംകൊണ്ട് വിജയസോപാനങ്ങൾ കീഴടക്കിയ രാജ്യങ്ങളെയും വ്യക്തികളെയും കുറിച്ചാണ് നാം കേട്ടിട്ടുള്ളത്. അത്തരം കഥകൾ പുത്തൻ ഉണർവ് സമ്മാനിക്കുന്നതിനാൽ അവ കേൾക്കാൻ പൊതുവേ എല്ലാവർക്കും താല്പര്യമാണ്. എന്നാൽ അമിത അധ്വാനംമൂലം തകർന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യം ഭൂമുഖത്തുണ്ടെന്ന് കേട്ടാൽ വിശ്വസിക്കാൻ പ്രയാസമായിരിക്കും. ലോകത്തിലെ മുൻനിര സാമ്പത്തിക ശക്തിയായ ജപ്പാനാണ് ആ രാജ്യം. കേൾക്കുമ്പോൾ വിരോധാഭാസമായി തോന്നിയേക്കാം. ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ തുടങ്ങിയ മേഖലകളിൽ ഒരുകാലത്ത് അവരായിരുന്നു ലോകത്തെ നിയന്ത്രിച്ചിരുന്നത്. ഗൾഫ് രാജ്യങ്ങളിൽ ജോലിക്കു പോയിരുന്നവർ തിരിച്ചെത്തുമ്പോൾ കൊണ്ടുവന്നിരുന്ന ടേപ്പ് റിക്കോർഡറുകളും ടെലിവിഷൻസെറ്റുകളുമെല്ലാം ജപ്പാൻ കമ്പനികളുടേതായിരുന്നു. പല ജപ്പാൻ ബ്രാന്റുകളുടെയും ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ വീട്ടിൽ ഉണ്ടെന്നത് അഭിമാനമായി കരുതിയിരുന്ന കാലം അത്ര പഴയതല്ല. ഇപ്പോഴും നമ്മുടെ നിരത്തുകളിൽ നിറഞ്ഞോടുന്ന മാരുതി കാറുകളും ഹോണ്ടാ ടുവീലറുകളുമൊക്കെ ജപ്പാൻ വിജയഗാഥകളുടെ ബാക്കിപത്രങ്ങളാണ്. ഗുണമേന്മയുടെ കാര്യത്തിൽ മുമ്പിലായിരുന്നു എന്നും അവർ. രണ്ടാം ലോകമഹായുദ്ധത്തിൽ അണുബോംബ് വീണ് തകർന്നടിഞ്ഞ രാജ്യം ഏതാനും വർഷങ്ങൾകൊണ്ട് ഫിനീക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേല്ക്കുകയായിരുന്നു.



**തുടർന്നു വായിക്കുക: ആധുനിക സാങ്കേതികവിദ്യയും അധിക സമ്പത്തും (പേജ് 2...)**


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ । ഡിജിറ്റൽ । ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ലൈംഗികാഭിലാഷം



ദൈവം സൃഷ്ടിച്ചിട്ടുള്ള എല്ലാ ജന്മവാസനകളിലും വച്ച് ഏറ്റവും ശക്തിയുള്ളതാണ് ലൈംഗികവാസന. അത് സ്ഫോടകവസ്തു പോലെയാണ്. വളരെ അനുഗ്രഹം നൽകുവാൻ കഴിവുള്ള ദൈവികമായ ഒരു അത്ഭുതദാനമാണത്. എങ്കിലും അതിന്റെ ദുരുപയോഗം എന്തു വലിയ വിപത്താണ് വരുത്തിയിട്ടുള്ളത്.

ഓരോ പുരുഷനിലും സ്ത്രീയിലും ലൈംഗികവാസനകളും ആഗ്രഹങ്ങളും കുടികൊള്ളുന്നുണ്ട്. ഈ വാസനകൾ എല്ലാ വ്യക്തികളിലും തുല്യ ശക്തിയോടെയല്ല കാണപ്പെടുന്നത്. എന്നാൽ യൗവനപ്രാപ്തി മുതൽ കുറഞ്ഞത് ഒരു മുപ്പതു വർഷത്തേക്കെങ്കിലും എല്ലാ സാധാരണമനുഷ്യവ്യക്തികളിലും അതൊരു വലിയ ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്ഫോടകവസ്തുപോലെ ലൈംഗികവാസനയും നന്മയ്ക്കോ തിന്മയ്ക്കോ വിനിയോഗിക്കാം. ദൈവമഹത്വത്തിനായോ പിശാചിന്റെ ഇച്ഛാനിവൃത്തിക്കായോ അതു തീരുവാൻ കഴിയും. സ്ഫോടക പദാർത്ഥം അതിൽത്തന്നെ പാപകരമല്ല. അത് എങ്ങനെ, എന്തു ലക്ഷ്യത്തിനായി ഉപയോഗിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ് നന്മയോ തിന്മയോ സംഭവിക്കുന്നത്. അതുപോലെതന്നെയാണ് ലൈംഗികവാസനയും. ദൈവത്തിന്റെ ദാനമായി അതിനെ കൈക്കൊള്ളു കയും ദൈവികനിയന്ത്രണത്തിൻകീഴിൽ ബുദ്ധിപൂർവ്വം ഉപയോഗിക്കുകയും ചെയ്താൽ മനുഷ്യന്റെ പരമോന്നതമായ ജീവിത സാഫല്യത്തിന് അത് ഉപകരിക്കും. നേരെമറിച്ച് ദുരുപയോഗപ്പെടുത്തിയാൽ അത് അധഃപതനത്തിന്റെ നെല്ലിപ്പലകയിൽ അവനെ കൊണ്ടെത്തിക്കുകയും ചെയ്യും. "അത് ഉത്തമനായ ഒരു ഭൃത്യനാണ്; എന്നാൽ ഭീകരനായ ഒരു യജമാനനുമാണ്."

ഭക്ഷണത്തിനും വിശ്രമത്തിനും വേണ്ടിയുള്ള ആഗ്രഹം പോലെതന്നെ സ്വാഭാവികമാണ് ലൈംഗികമായ ആഗ്രഹവും. എന്നാൽ ഈ ആഗ്രഹങ്ങളെ സൃഷ്ടിച്ചിട്ടുള്ള ദൈവം തന്നെ അവയുടെ ന്യായമായ സംതൃപ്തിയ്ക്കുള്ള മാർഗ്ഗങ്ങളും വ്യവസ്ഥാപിച്ചിട്ടുണ്ട്.

ലൈംഗികവാസന ദൈവസൃഷ്ടിയെന്ന നിലയിൽ വിശുദ്ധവും നിർമ്മലവുമാണ്. മനുഷ്യൻ പാപത്തിൽ വീഴുന്നതിനുമുമ്പ് അത് സൃഷ്ടിക്കപ്പെട്ടു. ദൈവം തന്നെ എത്രയും നല്ലത് എന്നുകണ്ട ഒരു ലോകത്തിൽ അത് നിലനിൽക്കുകയും ചെയ്തു. 'ഇതുതന്നെ അതിന്റെ വൈശിഷ്ട്യത്തിനു തെളിവാണ്.

ശരീരമാണ് പാപകാരണമെന്നു കരുതുന്നവരോട് ഒരു വാക്ക്: "കർത്താവായ യേശുക്രിസ്തുവിന് ഈ ഭൂമിയിൽവച്ച് ഒരു ശരീരം ഉണ്ടായിരുന്നുവെങ്കിലും അവിടുന്ന് പാപരഹിതനായി ജീവിച്ചു; 'പിശാചാകട്ടെ, ശരീരം ഇല്ലാത്തവനെങ്കിലും പാപം നിറഞ്ഞവൻ തന്നെ." അതിനാൽ പാപത്തിന്റെ വേര് കിടക്കുന്നത് ശരീരത്തിലല്ല, ഹൃദയത്തിലാണ്. പാപത്തിൽ നിന്നുള്ള വിടുതൽ ലഭിക്കുന്നത് ശരീരത്തെയോ അതിന്റെ ആഗ്രഹങ്ങളോയോ ഇല്ലായ്മ ചെയ്തിട്ടല്ല, പിന്നെയോ ഹൃദയത്തിനു സംഭവിക്കുന്ന ഒരു മാറ്റം മുഖേനയാണ്. ചിലർ ചെയ്യുന്നതുപോലെ ദൈവത്തോട് നമ്മുടെ ലൈംഗികാഭിലാഷങ്ങളെ മാറ്റിക്കളയണമെന്ന് നാം പ്രാർത്ഥിക്കേണ്ട കാര്യമില്ല. അപ്രകാരം ചെയ്താൽ അത് നമ്മുടെ മനുഷ്യത്വത്തെ വികലമാക്കും. ദൈവമന്ദിരത്തിന്റെ ഒരുഭാഗം നശിപ്പിക്കുകയായിരിക്കും അതിന്റെ ഫലം. വിജയത്തിൽ ജീവിക്കുന്ന സമ്പൂർണ്ണമനുഷ്യരായി നാം തീരണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. അടുക്കളയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന തീ കെടുത്തിക്കളയേണ്ട കാര്യമില്ല. അതു പടർന്നുപിടിച്ച് വീട് മുഴുവൻ വെന്തുപോകാതെ സൂക്ഷിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. ലൈംഗികാഭിലാഷത്തിന്റെ രംഗത്തുപോലും നാം പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുന്നത് ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ്. ഏദൻതോട്ടത്തിൽ വച്ച് ആദാമും ഹവ്വയും പരീക്ഷിക്കപ്പെടുവാൻ അവിടുന്ന് അനുവദിച്ച അതേ ലക്ഷ്യമാണ് ഇതിലും അവിടുത്തേക്കുള്ളത്. ആദാം നിഷ്കളങ്കനായിരുന്നു. എന്നാൽ അവൻ വിശുദ്ധി പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. വിശുദ്ധിയെന്നത് നിഷ്കളങ്കതയെ കവിയുന്ന ഒന്നാണ്. ആദാം ധാർമ്മികമായ ഒരു തെരഞ്ഞെടുപ്പു നടത്തുകയും പരീക്ഷയെ അതിജീവി ക്കുകയും ചെയ്താൽ മാത്രമേ വിശുദ്ധിയിലെത്തുമായിരുന്നുള്ളൂ. അതുതന്നെയാണ് നമ്മുടെയും അവസ്ഥ. നാമും ഭൂമിയിലെ നമ്മുടെ അവസാനദിവസം വരെയും പരീക്ഷിക്കപ്പെടും. എന്നാൽ നാം പാപം ചെയ്യേണ്ട ആവശ്യമില്ല. ദുഷിച്ച ആഗ്രഹം നമ്മുടെ മനസ്സിൽ ഗർഭം ധരിക്കുവാൻ ഇടകൊടുക്കുമ്പോഴേ, അതായത് നമ്മുടെ മനസ്സിൽ ഉദിച്ചുവരുന്ന ദുർമ്മോഹചിന്തയെ നാം അംഗീകരിക്കുമ്പോൾ മാത്രമേ, നാം പാപം ചെയ്യുന്നുള്ളു (യാക്കോ. 1:15). 'മനസ്സിൽ വന്ന ചിന്തയെ ഉടൻതന്നെ പുറംതള്ളുന്നപക്ഷം നാം പാപം ചെയ്യുന്നില്ല. പണ്ടൊരിക്കൽ ഒരു ശുദ്ധിനിഷ്ഠക്കാരൻ (Puritan) പറഞ്ഞതു പോലെ, "എന്റെ തലയ്ക്കുമീതെകൂടി പക്ഷികൾ പറന്നുപോകുന്നതു തടയാൻ എനിക്കു കഴിവില്ലായിരിക്കാം; എന്നാൽ എന്റെ തലമുടിയ്ക്കുള്ളിൽ അവ കൂടുവയ്ക്കുന്നതു തടയുവാൻ എനിക്കു സാധിക്കും." ഒരു അശുദ്ധ ചിന്ത നമ്മുടെ ഉള്ളിൽ കടന്നുവരുമ്പോൾ ഒരു നിമിഷനേരത്തേക്കെങ്കിലും നാം അതിനെ താലോലിക്കുന്നപക്ഷം അത് അവിടെ കൂട് വയ്ക്കുവാൻ നാം അനുവദിക്കുകയാണ്. അപ്പോൾ നാം പാപം ചെയ്യുന്നു.

"ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു" എന്ന് ദാവീദ് പറയുന്ന ഭാഗം ശ്രദ്ധിക്കുക (സങ്കീ. 119:11). ദൈവവചനം ഇത്രയും കൂടി പറയുന്നു: "ദൈവത്തിന്റെ അംഗീകാരം വിലപ്പെട്ടതായി നിങ്ങൾ കരുതുന്നുവെങ്കിൽ നിങ്ങളുടെ മനസ്സിനെ വിശുദ്ധവും ഉത്തമവും നിർമ്മലവും മനോഹരവും നന്മ നിറഞ്ഞതുമായ കാര്യങ്ങളിൽ ഉറപ്പിച്ചു നിർത്തുക" (ഫിലി. 4:8; ഇയ്യോ. 31:1; ഗലാ . 5:16–19; മത്താ . 5:28–30).

സ്ത്രീപുരുഷ ബന്ധത്തെ സൃഷ്ടിക്കുകയും വിവാഹത്തെ വ്യവസ്ഥാപിക്കുകയും ചെയ്തത് ദൈവമാണ്. അതിനാൽ സ്നേഹത്തിന്റെ വാസ്തവമായ അർത്ഥമെന്തെന്നും സ്ത്രീപുരുഷബന്ധത്തെയും വിവാഹത്തെയും പരമാവധി നന്മയ്ക്കായി എങ്ങനെ പ്രയോജനപ്പെടുത്തണമെന്നതും വിശദീകരിക്കുവാൻ അവിടുത്തേക്കു മാത്രമേ കഴിയൂ. ഈ വിഷയങ്ങളെപ്പറ്റി ദൈവം തന്റെ വചനത്തിലൂടെ അരുളിച്ചെയ്തിട്ടുള്ള കാര്യങ്ങൾ ഈ ലോകം പഠിപ്പിക്കുന്ന മിക്ക കാര്യങ്ങൾക്കും കടകവിരുദ്ധമാണെന്ന് നമുക്കിവിടെ കാണാൻ കഴിയും. എന്നാൽ ദൈവവചനം ഇവയെപ്പറ്റി നൽകുന്ന ഉപദേശം പാറപോലെ ഉറച്ചു നിൽക്കുന്നു. അതിന്മേൽ ജീവിതം പടുത്തുയർത്തുന്നവൻ ഒരിക്കലും വീണുപോകയില്ല. യാതൊരു കൊടുങ്കാറ്റും ഭൂകമ്പവും അവനെ കുലുക്കുവാൻ പര്യാപ്തമല്ല.



# ആധുനിക സാങ്കേതികവിദ്യയും അധിക സമ്പത്തും



തകർന്നുപോയവർക്ക് കരുത്തുപകരുന്നതാണ് ജപ്പാൻ ചരിത്രം. പ്രചോദനാത്മക പ്രസംഗകർ ഒരുപക്ഷേ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രാജ്യത്തിന്റെ ചരിത്രം ജപ്പാനായിരിക്കും. ഭരണാധികാരികളും ജനങ്ങളും നടത്തിയ കഠിനാധ്വാനമാണ് ത്രസിപ്പിക്കുന്ന അവരുടെ വിജയരഹസ്യം. വിജയത്തിൽ നിന്നും വിജയത്തിലേക്ക് കുതിക്കുന്നതിനിടയിൽ ജീവിക്കാൻ മറന്നുപോയതാണ് ഇപ്പോൾ ആ രാജ്യത്തിന് വിനയായിരിക്കുന്നത്. സമീപ ഭാവിയിൽ വൃദ്ധരുടെ രാജ്യമായി ജപ്പാൻ മാറുമെന്നാണ് പഠനങ്ങൾ പറയുന്നത്. അവിടുത്തെ യുവജനങ്ങൾ കുടുംബജീവിതത്തിന് യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ല. 24 ശതമാനം പുരുഷന്മാരും 50 വയസുകഴിഞ്ഞിട്ടും വിവാഹം കഴിച്ചിട്ടില്ല. 18–നും 34–നും ഇടയിലുള്ള 60 ശതമാനം പുരുഷന്മാരും 50 ശതമാനം സ്ത്രീകളും വിവാഹം കഴിക്കാൻ ഇഷ്ടപ്പെടുന്നവരല്ലെന്ന് ഇതുമായി ബന്ധപ്പെട്ട് നടത്തിയ ചില സർവേകൾ വ്യക്തമാക്കുന്നു. ഇപ്പോൾത്തന്നെ ജപ്പാനിലെ ശരാശരി വിവാഹപ്രായം പുരുഷന്മാരുടേത് 31–ഉം സ്ത്രീകളുടേത് 29–തുമാണ്. വിവാഹം വേണ്ടെന്നുവയ്ക്കുന്ന യുവജനങ്ങളുടെ എണ്ണം ജപ്പാനിൽ വർധിച്ചുവരുന്നു. ഇപ്പോഴത്തെ രീതിയിൽ മുമ്പോട്ടുപോയാൽ 2035 ആകുമ്പോഴേക്കും വിവാഹപ്രായമെത്തിയ രണ്ടുപേരിൽ ഒരാൾ അവിവാഹിതനായിരിക്കുമെന്നാണ് ചില പഠനങ്ങൾ പറയുന്നത്. ഇതുമൂലം അവിടെ ഏറ്റവും വിഷമിക്കുന്നത് പ്രായമായവരാണ്. അവരെ സംരക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥ രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ജപ്പാനിലെ യുവജനങ്ങൾ വഴിതെറ്റി സഞ്ചരിക്കുന്നവർ ആണെന്നല്ല ഇതിനർത്ഥം. അവർ അധ്വാനത്തിന് വല്ലാതെ അടിമപ്പെട്ടുപോയതുകൊണ്ട് ബാക്കി ഒന്നിനും പ്രാധാന്യം നല്കുന്നില്ല. പ്രൊഫഷനെ ബാധിക്കുമെന്ന കാരണം പറഞ്ഞാണ് യുവജനങ്ങൾ വിവാഹത്തിൽ നിന്നും അകന്നുനില്ക്കുന്നത്. 12 കോടിയോളം മാത്രം ജനസംഖ്യയുള്ള രാജ്യത്തെ സമ്പത്തിന്റെയും ടെക്നോളജിയുടെയും മേഖലയിൽ ലോകത്തിലെ മുടിചൂടാമന്നന്മാരായി നിലനിർത്തുന്നത് അവരുടെ കഠിനാധ്വാനമാണ്. എന്നാൽ, ആ രാജ്യത്തിന്റെ ഭാവിയെക്കുറിച്ചൊന്ന് ചിന്തിച്ചുനോക്കിയാൽ അവർ അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയുടെ ആഴം വ്യക്തമാകും. ഈ രീതിയിൽ പോയാൽ ഒന്നോ രണ്ടോ നൂറ്റാണ്ട് കഴിയുമ്പോൾ ആ രാജ്യത്തിന്റെ അവസ്ഥ എന്തായിരിക്കും? ഇപ്പോഴത്തെ നേട്ടങ്ങൾ നിലനിർത്താൻ പോലും കഴിയാത്ത സാഹചര്യം സംജാതമാകും. അറിവും കഴിവും സമ്പത്തും എല്ലാം ഉണ്ടെങ്കിലും ഒരു പ്രായം കഴിയുമ്പോൾ ആരും സംരക്ഷിക്കാനില്ലാത്ത അവസ്ഥ എത്ര ഭീകരമാണ്. തൊഴിലും സമ്പത്തും ഏതൊരു സമൂഹത്തിനും അനിവാര്യമാണ്. അതിന് കഠിനാധ്വാനവും ആവശ്യമാണ്. എന്നാൽ, അതിനിടയിൽ ദൈവത്തെയും കുടുംബത്തെയും മറന്നുപോകരുത്. തൊഴിൽ മേഖലയുടെ രൂപത്തിലും ഭാവത്തിലുമൊക്കെ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലമാണ് ഇത്. അതിന്റെ പ്രതിഫലനങ്ങൾ നമ്മുടെ നാട്ടിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിൽ നിന്നും നമുക്ക് ഒഴിഞ്ഞുനിൽക്കാൻ സാധിക്കില്ല. സമ്പത്തിന് അമിത പ്രാധാന്യം നല്കി മറ്റെല്ലാം അപ്രസക്തമാണെന്നു കരുതുന്ന ചിന്ത നമ്മുടെ സമൂഹത്തിലും പ്രബലമാകുന്നുണ്ടെന്ന കാര്യം കാണാതെ പോകരുത്. ചില ആശയങ്ങൾ നമ്മെ കീഴടക്കിയാൽ അതിൽ നിന്നും പുറത്തുവരാൻ എളുപ്പമല്ല. വളർച്ചക്ക് കഠിനാധ്വാനം അനിവാര്യമാണ്. എന്നാൽ, എപ്പോഴും ദൈവത്തോട് ചേർന്നുനിന്നുവേണം നാം മുന്നേറാൻ. കുടുംബം എന്നത് ദൈവം രൂപം നല്കിയ ഒന്നാണ്. അത് നമ്മുടെ അടിസ്ഥാനമാണ്. അടിത്തറ ഇളകിയാൽ എത്ര കൂറ്റൻ കെട്ടിടമാണെങ്കിലും നിലംപതിക്കും. കുടുംബങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണെന്ന ബോധ്യം നഷ്ടമാകാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ അധ്വാനങ്ങൾക്കോ നേട്ടങ്ങൾക്കോ ഒരു ഫലവും ഇല്ലെന്ന അവസ്ഥയായിരിക്കും ഉണ്ടാകാൻ പോകുന്നത്.








## ഒട്ടകക്കുഞ്ഞിന്റെ സംശയം

**അ**മ്മ ഒട്ടകത്തോട് ചൂടു പറ്റിച്ചേർന്നു കിടക്കുകയാണ് ഒട്ടകക്കുഞ്ഞ്. പെട്ടെന്ന് ഒട്ടകക്കുഞ്ഞ് അമ്മയെ നോക്കി. 'അമ്മേ ഞാൻ ഒരു സംശയം ചോദിക്കട്ടെ?', 'പിന്നെന്താ ചോദിച്ചോളൂ!', അമ്മ ഒട്ടകം പറഞ്ഞു. നമ്മുടെ മുതുകത്ത് ഒരു മുഴയുണ്ടല്ലോ, അതെന്തിനാ?', അവൻ ചോദിച്ചു. നമ്മൾ മരുഭൂമിയിൽ ജീവിക്കുന്നവരാണല്ലോ. മരുഭൂമിയിലെ കൊടും ചൂടിൽ നിന്നും രക്ഷ നേടാൻ നമ്മുടെ തൊലിക്കടിയിൽ കൊഴുപ്പു പാളിയുണ്ട്. ആ കൊഴുപ്പ് സംഭരിച്ചിരിക്കുന്നത് ഇവിടെയാണ്. മാത്രവുമല്ല വെള്ളം കിട്ടാതാകുമ്പോൾ ഈ കൊഴുപ്പ് ഓക്സിജനുമായി ചേർന്ന് പ്രവർത്തിച്ച് ശരീരത്തിൽ വെള്ളം നിലനിർത്താനും സഹായിക്കും!', അമ്മ പറഞ്ഞു.

'ശരി! അപ്പോൾ നമുക്ക് എന്തിനാ ഇത്രയും നീളൻ കാലുകളും കാലിനടിയിൽ വട്ടത്തിലുള്ള കുളമ്പും?', ഒട്ടകക്കുഞ്ഞ് വീണ്ടും ചോദിച്ചു.

'മോനെ, നമ്മൾ മരുഭൂമിയിലെ മണലിലൂടെയാണല്ലോ സഞ്ചരിക്കുന്നത്. നീളൻ കാലുകളുള്ളതുകൊണ്ട് മറ്റുള്ളവരേക്കാൾ വേഗത്തിൽ നമുക്ക് മരുഭൂമിയിലൂടെ നടക്കാനാകും!'. അവൻ അടുത്ത ചോദ്യം ചോദിച്ചു. 'എങ്കിൽ നമുക്ക് എന്തിനാണ് ഇത്രയും നീളമുള്ള കൺപീലികൾ. ഇത് ഉള്ളതുകൊണ്ട് ശരിക്ക് കാണാൻ തന്നെ എനിക്ക് പറ്റുന്നില്ല". 'ഹഹ! അതും പറയാം. മരുഭൂമിയിൽ എപ്പോഴും മണൽക്കാറ്റല്ലേ. പൊടി മണൽ പറന്നുവന്ന് കണ്ണിൽ പതിക്കാതിരിക്കാനാണ് നീളമുള്ള കൺ പീലികൾ. മനസ്സിലായോ?', അമ്മ പറഞ്ഞതു കേട്ട് അവൻ തല വെട്ടിച്ചു. 'മനസ്സിലായില്ല!''. 'ഈ പറഞ്ഞതൊന്നും നിനക്ക് മനസ്സിലായില്ലേ?', അമ്മ അവനെ തുറിച്ചു നോക്കി.



'അമ്മ പറഞ്ഞത് മനസ്സിലായി. നമ്മുടെ പുറത്തുള്ള മുഴ മരുഭൂമിയിലെ ചൂടിൽ നിന്നും നമ്മെ രക്ഷിക്കും. നീളൻ കാലുകൾ മരുഭൂമിയിലൂടെ നടക്കാൻ സഹായിക്കും. കൺപീലികൾ മണൽക്കാറ്റിൽ നിന്നും കണ്ണിനെ രക്ഷിക്കും. പക്ഷേ ഈ മൃഗശാലയിലെ കൂട്ടിൽ കഴിയുന്ന നമുക്ക് എന്തിനാണ് ഇതെല്ലാം എന്നാണ് എനിക്ക് മനസ്സിലാവാത്തത്!', അവന്റെ മറുപടി കേട്ട മൃഗശാലയിലെ തണുത്ത പുല്ലിൽക്കിടന്ന അമ്മ ഒട്ടകത്തിന് ഉത്തരംമുട്ടിപ്പോയി.

ഒട്ടകത്തിന്റെ കഴിവുകൾ പോലെയാണ് പലരുടെയും ജീവിതം. കഴിവും അറിവും പരിചയവുമൊക്കെയുണ്ട്. പക്ഷേ, അത് ഉപയോഗിക്കാനോ, പ്രയോജനപ്പെടുത്താനോ കഴിയാവുന്നിടത്താവില്ല അവരുടെ ജീവിതം എന്ന പാഠമാണ് ഈ കഥ നമ്മെ പഠിപ്പിക്കുന്നത്.

## വിലപിടിപ്പുള്ള സ്വപ്നം

**ഒ**രിക്കൽ ഹോജ കിടന്നുറങ്ങുമ്പോൾ വിചിത്രമായൊരു സ്വപ്നം കണ്ടു. ഒരാൾ ഹോജയുടെ വീട്ടിലേക്കുവന്ന്, അവിടെ താമസിക്കാൻ അനുവാദം ചോദിച്ചു. ഹോജയുടെ വീട്ടിൽ തങ്ങാൻ സമ്മതിക്കുകയാണെങ്കിൽ 10 പൊൻപണം നൽകാമെന്ന് അയാൾ വാക്ക് നൽകി. ഹോജ സന്തോഷപൂർവം അയാൾക്ക് കിടപ്പു മുറി കാണിച്ചുകൊടുത്തു. പിറ്റേന്ന് പോകാൻനേരം അയാൾ ഹോജയ്ക്ക് കൊടുക്കാൻ ഓരോ പൊൻപണമായി എണ്ണിത്തുടങ്ങി: 1, 2, 3, 4.9! ഒൻപതെത്തിയപ്പോൾ അയാൾ എണ്ണൽ നിർത്തി.



"നിങ്ങളെനിക്ക് 10 പൊൻപണമാണ് തരുമെന്നു പറഞ്ഞത്!', ഹോജ ആക്രോശിച്ചതും സ്വപ്നത്തിൽ നിന്നുണർന്നതും ഒരുമിച്ചായിരുന്നു. ഹോജ ചുറ്റും നോക്കി. അവിടെയെങ്ങും ആരെയും കണ്ടില്ല. നിരാശനായ ഹോജ കണ്ണുകളടച്ച് വീണ്ടും കിടന്നു. എന്നിട്ടിങ്ങനെ പറഞ്ഞു: 'പിണങ്ങിപ്പോവാതെ... ഒൻപതെങ്കിൽ ഒൻപത്! അതു വേഗം തന്നോളൂ'.




ബിബ്ലിയ എന്നതിന്റെ അർഥം **'പുസ്തകം'** എന്നാണ്. ബിബ്ലിയോ എന്നു ചേർന്നു വരുന്ന ഏതാനും വാക്കുകളും അവയുടെ അർഥങ്ങളും ഇതാ.

**ബിബ്ലിയോബ്ലു:** കൂടുതൽ വായിക്കുന്നയാൾ

**ബിബ്ലിയോ ലാംഗർ :** വലിയ കഥാപുസ്തകങ്ങൾ വായിക്കാൻ സമയം ചെലവഴിക്കുന്നയാൾ

**ബിബ്ലിയോ ഇൻവോൾവ്ഡ്:** പുസ്തകം വായിച്ച് ഉറക്കെ പൊട്ടിച്ചിരിക്കുന്നയാൾ

**ബിബ്ലിയോ ക്ലാസ്:** പുസ്തകത്തിലെ പേജ് കീറുന്നവൻ

**ബിബ്ലിയോ ഡമൺ:** പുസ്തക രാക്ഷസൻ

**ബിബ്ലിയോ ഗോസ്റ്റ്:** പുസ്തകപ്രസാധനത്തെപ്പറ്റി അറിയാവുന്നവൻ

**ബിബ്ലിയോ ക്ലെപ്റ്റ:** പുസ്തകക്കള്ളൻ

**ബിബ്ലിയോ ലാമർ :** പുസ്തകത്തെ ആരാധിക്കുന്നവൻ

**ബിബ്ലിയോ ഗ്രാഫ്:** പുസ്തകത്തെപ്പറ്റി വിവരിക്കുന്നയാൾ

**ബിബ്ലിയോ ലെസ്റ്റസ്:** പുസ്തകമോഷ്ടാവ്

**ബിബ്ലിയോമാൻസർ:** പുസ്തകത്തിലൂടെ ഈശ്വരജ്ഞാനം നേടുന്നയാൾ

**ബിബ്ലിയോമാനി:** ആവശ്യത്തിലധികം പുസ്തകം വാങ്ങിക്കുന്നയാൾ

**ബിബ്ലിയോ മാനിയാക്:** പുസ്തകത്തെ ഭയങ്കരമായി ഇഷ്ടപ്പെടുന്നയാൾ

**ബിബ്ലിയോ ഫൈൽ:** പുസ്തകപ്രേമി

**ബിബ്ലിയോ ഫോബ്:** പുസ്തകത്തെ പേടിക്കുന്നവൻ

**ബിബ്ലിയോ പോൾ:** പുസ്തകക്കച്ചവടക്കാരൻ

**ബിബ്ലിയോ റിപ്റ്റോസ്:** പുസ്തകം ചുറ്റിനും വലിച്ചുവാരിയിടുന്നവൻ

**ബിബ്ലിയോ സോഫർ:** പുസ്തകത്തിൽ നിന്ന് അറിവുനേടുന്നവൻ

**ബിബ്ലിയോ ടാഫേ:** പുസ്തകം ഒളിച്ചുവെയ്ക്കുന്നയാൾ



**ബിബ്ലിയോ പ്രൊഡിഗൽ:** പുസ്തകം വാങ്ങി സമ്പാദ്യം തുലച്ചയാൾ

**ബിബ്ലിയോ മ്യൂട്ട്:** നിശ്ശബ്ദതയിലിരുന്ന് വായിക്കുന്നയാൾ

**ബിബ്ലിയോ സ്നിഫർ:** പുസ്തകം ഓടിച്ചുവായിക്കുന്നയാൾ

**ബിബ്ലിയോ സ്റ്റൻഡ്:** പുസ്തകം വായിച്ച് സ്ഥലകാലം മറക്കുന്നയാൾ

## നിഴലായി വരും പരീക്ഷകൾ

**പ**രീക്ഷ എന്ന് കേൾക്കുമ്പോൾ ചിലർ ഇങ്ങനെ പറയും: 'അയ്യോ ഞാൻ തോറ്റുപോകും, എനിക്ക് പേടിയാവുന്നു'. എന്നാൽ മറ്റു ചിലരാകട്ടെ: 'ഇതൊക്കെ നമ്മളെത്ര കണ്ടതാ, അതൊക്കെ അതിന്റെ വഴിക്ക് നടക്കും', എന്നായിരിക്കും പറയുക. എന്നാൽ ഇത് രണ്ടും നല്ല രീതിയല്ല കേട്ടോ. പരീക്ഷയെ കൃത്യമായി നേരിടാനും അതിൽ വിജയം കൈവരിക്കാനും കഴിയുന്നതിലൂടെയേ ജീവിതത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളൂ. എന്തെന്നാൽ ജീവിതത്തിലുടനീളം നമ്മൾ ഓരോ പരീക്ഷകളിലൂടെ കടന്നുപോകേണ്ടവരാണ്.



ചെറിയ ക്ലാസുകളിൽ നമ്മുടെ പരീക്ഷകൾ എഴുതുന്ന രീതിയാണല്ലോ. എന്നാൽ പത്താം ക്ലാസോടുകൂടി എഴുത്തുപരീക്ഷയുടെ കൂടെ പ്രായോഗികപരീക്ഷകൾ ആരംഭിക്കും. പിന്നീട് മുഖാമുഖം സംസാരിക്കുന്ന വൈവകളുടെ രൂപത്തിലും, അവസാനം ഗവേഷണമേഖലയിലെത്തുമ്പോൾ നമ്മുടെ കണ്ടെത്തലുകളെ സദസ്സിനു മുൻപാകെ അവതരിപ്പിക്കുന്ന ഓപ്പൺ ഡിഫെൻസ് വരെയുണ്ടാകും. പഠനസമയത്ത് ഇതാണെങ്കിൽ ജോലിക്ക് വേണ്ടി ഇന്റർവ്യൂകളും പരീക്ഷകളുടെ രൂപത്തിലായിരിക്കും. 'പിന്നെ ജോലി കിട്ടിയാലോ, അപ്പോഴും പലവിധ പ്രശ്നങ്ങളുടെ രൂപത്തിൽ പരീക്ഷ നമ്മുടെ കൂടെയുണ്ടാകും, ചുരുക്കിപ്പറഞ്ഞാൽ പരീക്ഷ നമ്മുടെ കൂടെ എന്നും നിഴലായി ഉണ്ടാകുമെന്നുതന്നെ പറയാം.



പരീക്ഷയ്ക്കായുള്ള തയ്യാറെടുപ്പായി. പഠനം മുതൽ പരീക്ഷ എഴുതുന്ന രീതിവരെ കൃത്യമായി കൈകാര്യംചെയ്താൽ സമ്മർദമില്ലാതെ പരീക്ഷ എഴുതാം. **അതെങ്ങനെയെന്ന് അടുത്ത ലക്കത്തിൽ.**

# തീക്ഷ്ണതയുള്ള ദൈവം



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

**ലോ**കത്തു രണ്ട് വ്യക്തികൾക്കിടയിലെ ഏറ്റവും ഇഴയടുപ്പമുള്ള ബന്ധം ഭാര്യാഭർതൃബന്ധമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ദൈവവചനം ഇതിനോടാണ് ഉപമിച്ചിരിക്കുന്നത്. ആദ്യ പുരുഷനേയും സ്ത്രീയേയും സൃഷ്ടിച്ചശേഷം അവർ മറ്റെല്ലാം വിട്ട് അന്യോന്യം പറ്റിച്ചേരുമെന്നും ഒരു ദേഹമായിത്തീരുമെന്നും ദൈവം അരുളിച്ചെയ്തു (ഉൽപ. 2:24). ഭൂമിയിൽ യേശു വന്നപ്പോൾ അവിടുന്ന് ഈ വചനം ആവർത്തിച്ചു പറഞ്ഞു (മത്തായി. 19:5, മർക്കോ. 10:8). പൗലൊസാകട്ടെ, ഭാര്യാഭർതൃബന്ധത്തെക്കുറിച്ച് പറയുന്നിടത്ത് ഈ വചനം എടുത്ത് ഉദ്ധരിച്ചിട്ട് ഇങ്ങനെ പറയുന്നു: "ഈ മർമ്മം വലിയത്; ഞാൻ കിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത് (എഫേസ്യ.5:32) ബൈബിളിലെ ഒടുവിലത്തെ പുസ്തകമായ വെളിപ്പാടിന്റെ അവസാനതാളുകളിലെത്തുമ്പോൾ കുഞ്ഞാട് തന്റെ കാന്തയോടൊപ്പം ആയിരിക്കുന്നത് അക്ഷരാർത്ഥത്തിൽ തന്നെ നാം കാണുന്നു (വെളി. 21:9). ക്രിസ്തുവും സഭയും തമ്മിൽ, ദൈവവും മനുഷ്യനും തമ്മിൽ ഭാര്യാഭർതൃബന്ധം പോലെയുള്ള വളരെ അടുത്ത ബന്ധം ഉണ്ടാകണമെന്ന ദൈവത്തിന്റെ ആദിമുതലുള്ള ആഗ്രഹമാണു ദൈവവചനത്തിൽ ഉടനീളം പ്രതിഫലിക്കുന്നത്.



ദൈവവചനത്തിൽ പഴയനിയമത്തിൽ യെഹൂദാജനത്തോടുപോലും ദൈവം പറയുന്നു: 'നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ്' (യെശയ്യാ. 54:5). അതു താൽക്കാലികമായ, ഒരു ബന്ധമല്ലെന്നും അവിടുന്നു വിശദീകരിക്കുന്നു: 'ഞാൻ നിന്നെ സദാകാലത്തേക്കും എനിക്കു വിവാഹത്തിനു നിശ്ചയിക്കും' (ഹോശേയ 2:19). യിസ്രായേൽ ഗൃഹത്തിന്റെ പിൻമാറ്റത്തെക്കുറിച്ചു പറയുമ്പോഴും ഭാര്യാഭർതൃബന്ധത്തിലെ അവിശ്വസ്തതയോടു ചേർത്താണ് അതിനെ വിവരിക്കുന്നത്: 'യിസ്രായേൽ ഗൃഹമേ, ഒരു ഭാര്യഭർത്താവിനോടു വിശ്വാസപാതകം ചെയ്ത് അവനെ വിട്ടുകളയുന്നതുപോലെ നിങ്ങൾ എന്നോടു വിശ്വാസപാതകം ചെയ്തിരിക്കുന്നു എന്നു യഹോവയുടെ അരുളപ്പാട്' (യിരെമ്യാ. 3:20). തന്റെ ഭാര്യ അവിശ്വസ്തതകാട്ടിയാൽ പുരുഷന് അതു ക്രോധഹേതുവാകുമെന്നു സദൃശവാക്യക്കാരൻ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക: "ജാരശങ്ക പുരുഷനു ക്രോധഹേതുവാകുന്നു. പ്രതികാരദിവസത്തിൽ അവൻ ഇളക്കുകയില്ല. അവൻ യാതൊരു പ്രതിശാന്തിയും കൈക്കൊള്ളുകയില്ല. എത്ര സമ്മാനം കൊടുത്താലും അവൻ തൃപ്തിപ്പെടുകയുമില്ല' (സദൃ.6:34,35). 'ഭർത്താവു ഭാര്യയുടെ കാര്യത്തിൽ ഇങ്ങനെ തീഷ്ണതയുള്ളവനാകുന്നതുപോലെ ദൈവം തന്റെ ജനത്തിന്റെ മറ്റു ബന്ധ ങ്ങൾക്കെതിരെ തീക്ഷ്ണതയുള്ള ദൈവമാണെന്നു ദൈവവചനം വ്യക്തമാക്കുന്നത് (പുറപ്പാട് 20:5; 34:14; ആവർത്തനം 4:23,24; 5:9) ഇതിനോടു ചേർത്തു വായിക്കാവുന്നതാണ്.

പുതിയനിയമത്തിൽ യാക്കോബും ദൈവത്തിന്റെ ഈ പ്രത്യേകതയെ വിവരിക്കുന്നുണ്ട്: "വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. അല്ലെങ്കിൽ തിരുവെഴുത്തു വെറുതെ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയയ്ക്കായി കാംക്ഷിക്കുന്നുവോ?" (4:4,5). യോഹന്നാൻ ഇതേ കാര്യത്തിലേക്കു വിരൽചൂണ്ടുന്നത് ഇങ്ങനെ: "ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു" (1 യോഹ. 2: 15, 16). 2 കൊരിന്ത്യർ 11: 2,3 വാക്യങ്ങളിൽ പൗലൊസും പറയുന്നതു നമുക്കു ദൈവത്തോടുണ്ടാകേണ്ട ലളിതമായ, സുതാര്യമായ ഭാര്യാഭർതൃബന്ധംപോലെയുള്ള അടുപ്പത്തെക്കുറിച്ചാണ്. അതിൽ നിന്ന് അറിയാതെ ഹൃദയം അന്യമായിപ്പോകാനുള്ള സാധ്യതയെക്കുറിച്ചുള്ള മുന്നറിയിപ്പും ആ വരികളിൽ കാണാം: "ഞാൻ ക്രിസ്തു എന്ന ഏകപുരുഷനു നിങ്ങളെ നിർമലകന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു.''

തന്റെ ജനം തന്റേതുമാത്രമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവരുടെ മുഴുസ്നേഹവും തന്നോടു മാത്രമായിരിക്കണമെന്ന കാര്യം അവിടുന്നു മുറുകെപ്പിടിക്കുന്നവനാണ് (Possessive). ആ സ്നേഹം പങ്കുവയ്ക്കപ്പെട്ടാൽ അതിനെ 'വ്യഭിചാരം'എന്നാണു യാക്കോബ് വിശേഷിപ്പിക്കുന്നത്. 'ലോകത്തെ സ്നേഹിച്ചാൽ, അതോടെ അവനു പിതാവിനോടുള്ള സ്നേഹം നഷ്ടമാകു'മെന്ന് യോഹന്നാൻ തീർത്തു പറയുന്നു. അതുപോലെ 'കിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടാൽ പിന്നെ വഷളായിപ്പോകും' എന്നതിൽ പൗലൊസിനു ലവലേശം സംശയമില്ല. അതുകൊണ്ട് ദൈവികകാര്യങ്ങളെ സംബന്ധിച്ചിടത്തോളം നാം ജാഗ്രതയുള്ളവരായിരിക്കണം.



# നമ്മുടെ ഭാഗ്യം

**പു**രാതനകാലത്തെ സിസിലിയിലെ ഏറ്റവും സമ്പന്നമായ രാജ്യമായിരുന്നു സീറക്കൂസ്. ബി.സി.405 മുതൽ 367 വരെ സീറക്കൂസ് ഭരിച്ചിരുന്നത് ഡയനീഷ്യസ് എന്ന രാജാവായിരുന്നു. സമ്പത്ത് ധാരാളം ഉണ്ടായിരുന്നതുകൊണ്ട് ആർഭാടപൂർണമായ ഒരു ജീവിതമാണ് ഡയനീഷ്യസ് നയിച്ചിരുന്നത്. എങ്കിലും, ഏതു നിമിഷവും അസ്തമിക്കാവുന്നതാണ് തന്റെ രാജ്യവും രാജാധികാരവും എന്ന ബോധ്യം ഡയനീഷ്യസിന് എപ്പോഴുമുണ്ടായിരുന്നു.

ഡയനീഷ്യസിന്റെ ആത്മസുഹൃത്തുക്കളിലൊരാളായിരുന്നു ഡമോക്ലിസ്. എങ്കിലും ഡയനീഷ്യസിന്റെ സമ്പത്തും അധികാരവുമൊക്കെ ഡമോക്ലിസിനെ എപ്പോഴും അസൂയാലുവാക്കിയിരുന്നു. "അങ്ങ് എത്ര ഭാഗ്യവാനാണ്," ഡമോക്ലിസ് ഇടയ്ക്കിടെ രാജാവിനോടു പറയും. "ആഗ്രഹിക്കത്തക്കതെന്തും എപ്പോഴും അങ്ങേക്കുണ്ട്. അങ്ങായിരിക്കണം ലോകത്തിലെ ഏറ്റവും സൗഭാഗ്യവാനായ മനുഷ്യൻ."

ആദ്യമൊക്കെ ഡമോക്ലിസിന്റെ ഈ സംസാരരീതി ഡയനീഷ്യസ് ഗൗനിച്ചില്ല. എന്നാൽ, വീണ്ടും വീണ്ടും ഡമോക്ലിസ് ഇങ്ങനെ ആവർത്തിച്ചു പറഞ്ഞപ്പോൾ ഡയനീഷ്യസ് ചോദിച്ചു: 'ഞാനാണ് ലോകത്തിലെ ഏറ്റവും സന്തോഷവാനായ മനുഷ്യനെന്നു നിങ്ങൾ കരുതുന്നുണ്ടോ?"



"തീർച്ചയായും. അങ്ങാണ് ഏറ്റവും സന്തോഷവാനായ മനുഷ്യൻ". ഡമോക്ലിസ് പറഞ്ഞു. "നോക്കൂ. അങ്ങേക്ക് എന്തുമാത്രം സമ്പത്തുണ്ട്! എന്തുമാത്രം അധികാരമുണ്ട്! മനഃപ്രയാസത്തിനാണെങ്കിൽ അങ്ങേക്ക് ഒരു കാരണവുമില്ല. ഇതിലും കൂടുതൽ ജീവിതം എങ്ങനെ മെച്ചപ്പെടാനാണ്?"

അപ്പോൾ രാജാവ് പറഞ്ഞു: "ഒരുപക്ഷേ, നമ്മുടെ രണ്ടുപേരുടെയും ഭാഗ്യം വച്ചുമാറാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടാകും."

"ഓ, അങ്ങനെയൊരു ചിന്തയൊന്നും എനിക്കില്ല", ഡമോക്ലിസ് പ്രതിവചിച്ചു. എങ്കിലും ഒരു ദിവസത്തേക്കെങ്കിലും അങ്ങയുടെ സമ്പത്തും അധികാരവും എനിക്കു കിട്ടിയാൽ ഞാൻ ലോകത്തിലെ ഏറ്റവും സന്തോഷവാനായ മനുഷ്യനായിരിക്കും."

ഉടനെ രാജാവ് പറഞ്ഞു: "എങ്കിൽ അങ്ങനെതന്നെയാവട്ടെ. ഒരു ദിവസത്തേക്ക് നമുക്ക് നമ്മുടെ ഭാഗ്യം വച്ചുമാറാം.'

ഡമോക്ലിസ് ആഗ്രഹിച്ചതുപോലെ ഒരു ദിവസത്തേക്കു രാജാവാകാൻ ഡയനീഷ്യസ് തന്റെ സുഹൃത്തിനെ അനുവദിച്ചു. എന്നുമാത്രമല്ല, സകലരും ഡമോക്ലിസിനെ രാജാവായി അന്നു കരുതണമെന്നും ഡമോക്ലിസിന് ഏറ്റവും നല്ല പരിചരണം നല്കണമെന്നും രാജാവ് കല്പിച്ചു അതനുസരിച്ച് ഡമോക്ലിസ് രാജാവായി കൊട്ടാരത്തിലുടനീളം തുള്ളിച്ചാടിനടന്നു.

അന്ന് ഉച്ചഭക്ഷണത്തിനു ടേബിളിന്റെ പ്രധാന സ്ഥലത്തുതന്നെയാണ് ഡമോക്ലിസിനെ ഇരുത്തിയത്. ഡമോക്ലിസ് ചുറ്റും നോക്കി. എല്ലാവരും തന്നെ ശുശ്രൂഷിക്കാൻ ഒരുങ്ങിനിൽക്കുന്നു. ഡയനീഷ്യസ് രാജാവുപോലും ഡമോക്ലിസിനെ പരിചരിക്കാൻ രംഗത്തുണ്ടായിരുന്നു.

"ഇതാണ് ജീവിതം!" ഡമോക്ലിസ് പറഞ്ഞു. "ഞാൻ ഇന്ന് ലോകത്തിലെ ഏറ്റവും സന്തോഷവാനായ മനുഷ്യനാണ്" സന്തോഷത്തിന്റെ ലഹരിയിൽ ഒരു വീഞ്ഞുഗ്ലാസ് കൈയ്യിലെടുത്തുകൊണ്ട് തന്റെ സുഹൃത്തായ ഡയനീഷ്യസിനു ടോസ്റ്റു പറയാൻ ഡമോക്ലിസ് വീഞ്ഞുഗ്ലാസ് മുകളിലേക്കുയർത്തി. അപ്പോൾ ഡമോക്ലിസ് കണ്ട കാഴ്ച അദ്ദേഹത്തെ ഞെട്ടിപ്പിച്ചുകളഞ്ഞു.

അദ്ദേഹം കണ്ടത് എന്താണെന്നോ? അദ്ദേഹത്തിന്റെ തലയ്ക്ക് കൃത്യം മുകളിലായി അതിമൂർച്ചയുള്ള ഒരു ഇരുതലവാൾ തൂങ്ങിക്കിടക്കുന്നു. അതു തൂങ്ങിക്കിടക്കുന്നതാകട്ടെ ഏതു നിമിഷവും പൊട്ടിപ്പോകാവുന്ന ഒരു നേരിയ നൂലിലും!

ഡമോക്ലിസിന്റെ ഭാവവ്യത്യാസം കണ്ടപ്പോൾ ഡയനീഷ്യസ് ചോദിച്ചു: "എന്തുപറ്റി? എന്താണ് ഈ ഭാവവ്യത്യാസത്തിനു കാരണം? അപ്പോൾ മുകളിൽ തൂങ്ങിക്കിടന്നിരുന്ന വാളിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ട് ഡമോക്ലിസ് പറഞ്ഞു: "ഈ വാൾ! ഈ വാൾ! ഈ വാൾ! അങ്ങ് ഈ വാൾ കാണുന്നില്ലേ?"

ഉടനേ ഡയനീഷ്യസ് പറഞ്ഞു: "അതു ശരി. ഈ വാൾ ഞാനും കാണുന്നുണ്ടല്ലോ. ഇന്നു മാത്രമല്ല എന്നും ഞാൻ ഈ വാൾ കാണുന്നുണ്ട്. ഈ വാൾ എന്നു വേണമെങ്കിലും എന്റെ മേൽ പതിക്കാം."

താൻ പറയുന്നതു കണ്ണിന്റെ ഇമകൾ പോലും പൂട്ടാതെ ഡമോക്ലിസ് ശ്രദ്ധിക്കുമ്പോൾ ഡയനീഷ്യസ് തുടർന്നു: "ഈ വാൾ എന്റെ മേൽ പതിക്കുന്നതു പലരൂപത്തിലായിരിക്കാം. ഏതെങ്കിലുമൊരു ശത്രുരാജ്യം എന്നെ തോല്പിച്ചു കീഴടക്കുന്നതു വഴിയാകാം ഈ വാൾ എന്റെ മേൽ വീഴുന്നത്. അല്ലെങ്കിൽ, എന്റെ മിത്രങ്ങൾ എന്നെ കാലുവാരുന്നതു വഴിയാകാം ഈ വാൾ എന്റെ തലയിൽ വീഴുന്നത്. അതുമല്ലെങ്കിൽ ഞാൻ എടുക്കുന്ന തെറ്റായ തീരുമാനങ്ങൾ മൂലമാകാം ഈ വാൾ എന്റെ മേൽ പതിക്കാനിടയാകുക."

ഡയനീഷ്യസ് ഇത്രയും പറഞ്ഞതോടെ ഡമോക്ലിസിനു കാര്യം മനസിലായി. ആ നിമിഷം തന്നെ ഡമോക്ലിസ് ഡയനീഷ്യസിന്റെ അധികാരം തിരികെക്കൊടുത്തു. പിന്നീടൊരിക്കലും തന്റെയും രാജാവിന്റെയും ഭാഗ്യം പരസ്പരം വച്ചുമാറുന്നതിനു ഡമോക്ലിസ് ആഗ്രഹിച്ചിട്ടുണ്ടാവില്ല.

നാം പലപ്പോഴും വച്ചുമാറാൻ ആഗ്രഹിക്കുന്നതു പുറമേ കാണുന്ന സമ്പത്തും പ്രൗഢിയും സന്തോഷവുമൊക്കെയാണ്. പക്ഷേ, ഇവയൊന്നുമല്ല നമുക്കു ശരിയായ സന്തോഷം തരുന്നതെന്നു നാം ഓർമിക്കേണ്ടതായിട്ടുണ്ട്.

നമ്മുടെ ജീവിതഭാഗ്യം തീരുമാനിക്കപ്പെടുന്നത് ദൈവാനുഗ്രഹം വഴിയും നമ്മുടെ പരിശ്രമം മൂലവുമാകട്ടെ. വെറുതെയാണെങ്കിൽപോലും ഭാഗ്യം വച്ചുമാറുന്നതിനേക്കുറിച്ച് നാം ചിന്തിക്കുകയേ വേണ്ട. കാരണം, നാം വച്ചുമാറാൻ ആഗ്രഹിക്കുന്ന ഭാഗ്യത്തിന്റെ മുകളിൽ തൂങ്ങിക്കിടക്കുന്ന വാൾ നാം ഒരിക്കലും തന്നെ കണ്ടെന്നിരിക്കില്ല.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ സാക്ഷ്യവും പ്രവചനവും

1:1 വെളിപ്പാട് – 'അപ്പോകലിപസിസ്' എന്ന ഗ്രീക്കു പദമാണ് വെളിപ്പാട് എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ഗ്രീക്കിൽ പുസ്തകം തുടങ്ങുന്നതുതന്നെ ഈ വാക്കുകൊണ്ടാണ്. പുസ്തകത്തിന്റെ സാഹിത്യരൂപത്തെയും ഉള്ളടക്കത്തെയും സൂചിപ്പിക്കുന്ന പേരാണിത്. ഈ ലോകത്തിന്റെ ഭാവിയെ സംബന്ധിച്ച് മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ രഹസ്യങ്ങൾ ദൈവം നേരിട്ടു വെളിപ്പെടുത്തുന്നു എന്നാണ് സൂചന.

ദൈവമാണ് വെളിപ്പാടു നല്കുന്നത്. ഭാവിയെ സംബന്ധിച്ച കാര്യങ്ങൾ ദൈവത്തിനു മാത്രമേ അറിയൂ (ദാനി 2:28; മർക്കോ 13:28; അ.പ്ര. 1:7). ദൈവം യേശുക്രിസ്തുവഴി വെളിപ്പെടുത്തുന്നു എന്നത് പുതിയനിയമത്തിലുടനീളം ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട് (ലൂക്കാ. 10:22; യോഹ. 1:18; 5:19–23; എബ്രാ 1:2).



ദാസന്മാർ എന്നതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ചില പ്രവാചകന്മാരെ മാത്രമല്ല, ക്രിസ്തു വിശ്വാസികളെ മുഴുവനും ഉദ്ദേശിക്കുന്നു. ഉടനെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളാണ് വെളിപ്പാടിന്റെ വിഷയം. രക്ഷാചരിത്രത്തിന്റെ പൊതുവായ അവതരണമല്ല, അതിവേഗം വന്നടുത്തുകൊണ്ടിരിക്കുന്ന പരിസമാപ്തിയാണ് പ്രതിപാദിക്കപ്പെടാൻ പോകുന്നത്. ഭാവിയിൽ സംഭവിക്കാനിരിക്കുന്നവ അപ്പോകലിപ്റ്റിക് ഗ്രന്ഥങ്ങളുടെയെല്ലാം പൊതുവായ പ്രമേയമാണ്. മാനുഷിക സാമ്രാജ്യങ്ങളുടെ തകർച്ചയും ദൈവഭരണത്തിന്റെ സംസ്ഥാപനവുമാണ് ദാനി. 2:28–29 ൽ ഈ പ്രയോഗം വഴി സൂചിപ്പിക്കുന്നത്. ആസന്നമായിരിക്കുന്നു, ഉടനെ വരുന്നു എന്ന പ്രസ്താവനകൾ പുസ്തകത്തിന്റെ അന്ത്യത്തിൽ (22:12; 20) ആവർത്തിക്കുന്നതിലൂടെ പീഡനങ്ങളിൽ നിന്നുള്ള മോചനത്തിനും കർത്താവിന്റെ ആഗമനത്തിനുമായി കാത്തിരിക്കുന്നവർക്ക് ദൈവംതന്നെ പ്രത്യാശയും ശക്തിയും പ്രദാനം ചെയ്യുന്നു.

യേശുക്രിസ്തു തന്റെ ദൂതൻവഴിയാണ് ഈ സന്ദേശം കൈമാറിയത്. പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് ഒരു ദൂതൻ യോഹന്നാന് ദർശനങ്ങൾ വിശദീകരിച്ചുകൊടുക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യഭാഗത്താകട്ടെ മനുഷ്യപുത്രനായ യേശുക്രിസ്തു നേരിട്ടാണ് സന്ദേശങ്ങൾ നൽകുക. യേശുക്രിസ്തുവഴി രക്ഷയുടെ സുവിശേഷം അറിയിച്ചു (അ.പ്ര. 10:36) എന്ന അപ്പസ്തോലിക സഭയുടെ വിശ്വാസം ഇവിടെ പ്രതിഫലിക്കുന്നു. വാക്കുകളിലൂടെ എന്നതിലുപരി അടയാളങ്ങളിലൂടെ ആശയം വിനിമയം ചെയ്യുക എന്ന അർത്ഥമാണ് അറിയിച്ചു എന്നു വിവർത്തനം ചെയ്തിരിക്കുന്ന പദത്തിന്റെ മൂലാർത്ഥം.

1:2, വെളിപ്പാടു പുസ്തകത്തിൽ വളരെ പ്രാധാന്യമുള്ള പദങ്ങളാണ് സാക്ഷ്യം, സാക്ഷി, സാക്ഷ്യപ്പെടുത്തുക എന്നിവ. താൻ കണ്ട സകലതിനും നൽകുന്ന സാക്ഷ്യമായിട്ടാണ് ഗ്രന്ഥകാരൻ പുസ്തകത്തെ അവതരിപ്പിച്ചിരിക്കുന്നത്. ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും എന്ന് താൻ കണ്ടവയെ അദ്ദേഹം വിശേഷിപ്പിക്കുന്നു. ലോകത്തിന്റെ വിധിനിർണ്ണയത്തെ സംബന്ധിച്ച് ദൈവം നല്കിയ വെളിപ്പാടാണ് ഇവിടെ ദൈവവചനം എന്നതുകൊണ്ട് അർത്ഥമാക്കുക. ആ വെളിപ്പാടാകട്ടെ, യേശുക്രിസ്തുതന്നെ സാക്ഷ്യപ്പെടുത്തിയതുമാണ്.

ഒരു വസ്തുതയുടെ സത്യാവസ്ഥ തെളിയിക്കുന്നതിനുവേണ്ടി ചെയ്യുന്ന പ്രവൃത്തിയോ പറയുന്ന വാക്കോ ആണ് സാക്ഷ്യം. യേശുക്രിസ്തുവിനെ സാക്ഷിയായി അവതരിപ്പിക്കുക യോഹന്നാന്റെ ലിഖിതങ്ങളുടെ ഒരു പ്രത്യേകതയാണ്. 'ഇതിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത് സത്യത്തിനു സാക്ഷ്യം നല്കാൻ (യോഹ. 18:37) എന്ന പ്രഖ്യാപനം ഇതു വ്യക്തമാക്കുന്നു. തന്റെ കുരിശുമരണമാണ് യേശു നല്കിയ ഏറ്റം വലിയ സാക്ഷ്യം. യേശുവിന്റെ ശിഷ്യന്മാരും സാക്ഷ്യം നല്കാൻ വിളിക്കപ്പെട്ടവരാണ്. "നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അ.പ്ര.1:8). സാക്ഷ്യത്തിന്റെ പരമമായ പ്രകടനമാണ് ജീവത്യാഗം. അതിനെ രക്തസാക്ഷിത്വം എന്നു വിളിക്കുന്നു. യേശുക്രിസ്തുവിനു സാക്ഷ്യം നല്കാൻ വേണ്ടി പീഡനമേല്ക്കുകയും നാടുകടത്തപ്പെടുകയും ചെയ്തവനാണ് താൻ എന്ന് ഗ്രന്ഥകർത്താവു പറയുന്നുണ്ട് (1:9). സാക്ഷ്യം എന്ന ആശയം ആരംഭത്തിലേ അവതരിപ്പിച്ചുകൊണ്ട് യേശുവിനുവേണ്ടി പീഡനമേല്ക്കുന്ന സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും പ്രത്യാശ നല്കി ശക്തിപ്പെടുത്തുകയുമാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്.

1:3, തന്റെ ഗ്രന്ഥത്തെ 'വെളിപ്പാട്','സാക്ഷ്യം' എന്നിവയ്ക്കു പുറമേ പ്രവചനമായി കാണണമെന്നും ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നു. ഹൃദയം തകർന്നവർക്ക് ആശ്വാസവും പ്രത്യാശയും, അഹങ്കാരികൾക്കു താക്കീതും, മാനസാന്തരത്തിനുള്ള ആഹ്വാനവും നല്കുന്ന ദൈവവചനമാണ് പ്രവചനം. സർവ്വോപരി, പ്രപഞ്ചത്തിന്റെ മേലുള്ള ദൈവത്തിന്റെ വിധിനിർണ്ണയം അതു വിളിച്ചറിയിക്കുന്നു. എഴുത്തും വായനയും ചുരുക്കം പേർക്കു മാത്രം വശമായിരുന്ന ഒരു കാലത്താണ് ഗ്രന്ഥം രചിക്കപ്പെട്ടത്. ദൈവാരാധനയ്ക്ക് ഒരുമിച്ചുകൂടുന്ന സഭാസമൂഹങ്ങളിൽ വച്ച് ഒരാൾ വായിക്കുകയും എല്ലാവരും കേൾക്കുകയും ചെയ്യുന്നു എന്ന സൂചനയാണ് വായിക്കുന്നവനും കേൾക്കുന്നവരും എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. (തുടരും)



# സമ്പത്തും ദൈവാനുഗ്രഹവും



**പ**ഴയനിയമത്തിലെ പുസ്തകങ്ങളിലധികവും പുനരുത്ഥാനത്തിലുള്ള വിശ്വാസം പുലർത്തുന്നവയല്ല. അവ എഴുതപ്പെട്ട കാലത്ത് പുനരുത്ഥാനത്തെക്കുറിച്ചുള്ള വിശ്വാസത്തിന്റെ ഉൾക്കാഴ്ച്ച മനുഷ്യൻ കൈവരിച്ചിരുന്നില്ല. കർത്താവിന്റെ കാലത്തുപോലും യഹൂദമതത്തിൽ പരീശന്മാർ മാത്രമേ മരണശേഷം പുനരുത്ഥാനം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്നുള്ളൂ (മത്താ. 22:23–33; ലൂക്കോ. 20:27–40; അ.പ്ര. 23:6–10). മരണശേഷം എല്ലാവരും മൃതരുടെ വാസസ്ഥലമായ പാതാളത്തിൽ വസിക്കുമെന്ന് പൊതുവേ കരുതപ്പെട്ടിരുന്നു (ഇയ്യോ. 7:9; 17:13: 21:13). പാതാളത്തിൽ സുഖമനുഭവിക്കാൻ കഴിയാത്തതിനാൽ ഈ ഭൂമിയിൽ ജീവിതം ആസ്വദിക്കാനുള്ള ആഹ്വാനവും നമുക്ക് കാണുവാൻ കഴിയുന്നുണ്ട്.

ദൈവനുഗ്രഹം എന്നാൽ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധിയാണെന്നും, അവൻ ചെയ്യുന്ന ഓരോ പ്രവൃത്തിക്കുമുള്ള ഉത്തരവാദിത്വം അവനുതന്നെയാണെന്നും, ഓരോരുത്തരുടേയും പ്രവൃത്തികളുടെ പ്രതിഫലം അവർ തന്നെ അനുഭവിക്കുമെന്നും യഹൂദർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഏദൻതോട്ടത്തിൽ വച്ച് വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദിമാതാപിതാക്കന്മാർ ശിക്ഷിക്കപ്പെടാനിടവന്നത്.



ഈ ജീവിതത്തിനപ്പുറത്ത് മറ്റൊന്നും പ്രതീക്ഷിക്കാനില്ലാതിരിക്കെ മനുഷ്യർ ചെയ്യുന്ന സദ്പ്രവൃത്തികളുടെ പ്രതിഫലം ഈ ജീവിതത്തിൽ തന്നെ അവർക്കു ലഭിക്കുമെന്ന് പഴയനിയമ ജനത വിശ്വസിച്ചിരുന്നു. തത്ഫലമായി സമ്പത്തും, ഐശ്വര്യവും, ആരോഗ്യവും, ഭൗതിക നന്മകളുമെല്ലാം ദൈവാനുഗ്രഹത്തിന്റെ അടയാളമായിട്ടാണവർ കരുതിയിരുന്നത്. ഇതിന് ഉത്തമ ഉദാഹരണമാണ് നീതിമാനായി ജീവിച്ചിരുന്ന ഇയ്യോബിന് ദൈവം നല്കിയിരുന്ന സാമ്പത്തിക വളർച്ചയും, കുടുംബത്തിലെ ഐശ്വര്യവും മറ്റും (ഇയ്യോ. 1:9–11). മാത്രമല്ല ദൈവത്തിന്റെ അനുവാദത്തോടെ സാത്താനാൽ പരീക്ഷിക്കപ്പെട്ട ഇയ്യോബ്, പരീക്ഷകളിൽ ഭാഗികമായിട്ടാണെങ്കിലും വിജയിച്ചു കഴിഞ്ഞപ്പോൾ അവന് അവന്റെ സദ്പ്രവൃത്തികൾക്കു പ്രതിഫലമായി പഴയതിന്റെ അനേക മടങ്ങ് ഭൗതിക നന്മകൾ ലഭിച്ചുവെന്ന് വിശുദ്ധഗ്രന്ഥം പറയുന്നു (ഇയ്യോ. 42:10–17). കാരണം ഇയ്യോബിനു തന്റെ നന്മയുടെ പ്രതിഫലം ഈ ഭൂമിയിൽ വച്ചുതന്നെ ലഭിക്കണം

പഴയനിയമത്തിന്റെ പൂർത്തീകരണമായി യേശുവിനെ അവതരിപ്പിക്കുകയും, വി. പൗലോസിൽ നിന്നു വ്യത്യസ്തമായി, പഴയനിയമ സന്ദേശത്തെ അതിന്റെ സാരാംശത്തിൽ ഉൾക്കൊള്ളുകയും ചെയ്യുന്ന വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ (24:34 39) മുകളിൽപ്പറഞ്ഞ പഴയനിയമ ചിന്താഗതിക്ക് കാര്യമായ വ്യതിയാനം സംഭവിക്കുന്നത് കാണാം. സമ്പത്ത് ദൈവാനുഗ്രഹമായി കണ്ടിരുന്ന യഹൂദരുടെ ചിന്താഗതികളെ തകിടംമറിച്ചുകൊണ്ടാണ് അവിടെ കർത്താവ് ഭോഷനായ ധനികന്റെയും, ധനവാന്റെയും ലാസറിന്റെയും ഉപമകൾ പറയുന്നത് (ലൂക്കാ 12:13–21; 16:19–31). ഈ ഉപമകളിലെ ശിക്ഷാർഹരായ ധനവാന്മാർ അവരുടെ സമ്പത്ത് ആസ്വദിക്കുകയെന്നതല്ലാതെ മറ്റൊരു തിന്മയും ചെയ്യുന്നില്ല. ദൈവത്തിലേക്കും സഹോദരനിലേക്കും ഒരുവനെ കൈപിടിച്ചു നടത്തുന്ന മാനസാന്തരമാണ് സുവിശേഷകന്റെ വീക്ഷണത്തിൽ പരമപ്രധാനം (13:1–6,22). ലാസറിന്റെ സമകാലികനായിരുന്ന ധനവാൻ ദൈവത്തിനു സ്തുതിയർപ്പിച്ചുകൊണ്ടാവാം ജീവിച്ചത്. പക്ഷേ നരകത്തിലാണ് എത്തപ്പെട്ടത്. സമ്പത്ത് ധൂർത്തടിക്കാൻ ബന്ധങ്ങളുപേക്ഷിച്ച ധൂർത്തപുത്രൻ നാശത്തിലാണ് എത്തിച്ചേരുന്നത് (ലൂക്കാ 15:11–17).

ക്രിസ്ത്യാനികൾ സമൂഹത്തിന്റെ മുഖ്യധാരയിൽ ജീവിച്ചിരുന്നവരല്ല; അവർ പാവപ്പെട്ടവരായിരുന്നു (ലൂക്കോ 6:20; 11:8; 18:24–25). അവർക്ക് ആഡംബരവും ധൂർത്തും അന്യമായിരുന്നു. അവരുടെ ശത്രുനിരയിൽപ്പെട്ടവരുടെ അടയാളമായിരുന്നു ധൂർത്ത് (ലൂക്കോ 18:25). ആ ശത്രുക്കൾ നാശത്തിൽ പതിക്കുമെന്ന് വിശ്വാസികൾ കരുതുന്നു. ഈ പശ്ചാത്തലത്തിൽ വേണം ധൂർത്തിനെക്കുറിച്ചും ആഡംബരജീവിതത്തെക്കുറിച്ചുമുള്ള പുതിയനിയമ കാഴ്ചപ്പാടുകളെ മനസിലാക്കുവാൻ. അവർക്കു തിന്മയ്ക്കു തിന്മ പ്രതിഫലമായി ലഭിക്കും. പട്ടാപ്പകൽ മദിരോത്സവത്തിൽ മുഴുകുന്നത് അവർ ആനന്ദപ്രദമായെണ്ണുന്നു. നിങ്ങളോടൊത്ത് ഭക്ഷണം കഴിക്കുമ്പോൾ അവർ കുടിച്ചു മദിച്ചുകൊണ്ട് വഞ്ചന പ്രവർത്തിക്കുന്നു (2 പത്രോസ് 2:13); എന്തെന്നാൽ സകല ജനതകളും അവളുടെ ഭോഗാസക്തിയുടെ മാദകമായ വീഞ്ഞു പാനം ചെയ്തു. ഭൂമിയിലെ രാജാക്കന്മാർ അവളുമായി വ്യഭിചാരം ചെയ്തു. അവളുടെ സുഖഭോഗവസ്തുക്കൾ വഴി വ്യാപാരികൾ ധനികരായി (വെളി. 18:3); അവൾ തന്നെത്തന്നെ എത്രത്തോളം മഹത്വപ്പെടുത്തുകയും സുഖഭോഗങ്ങൾ അനുഭവിക്കുകയും ചെയ്തുവോ അത്രത്തോളം പീഢനവും ദുഃഖവും അവൾക്കു നല്കുവിൻ. എന്തെന്നാലവൾ ഹൃദയത്തിൽ പറയുന്നു: ഞാൻ രാഞ്ജിയായി വാഴുന്നു. ഞാൻ വിധവയല്ല, എനിക്കൊരിക്കലും വിലപിക്കേണ്ടിവരികയില്ല (വെളി. 18:7). അവളോടൊത്ത് വ്യഭിചാരം ചെയ്യുകയും ഭോഗജീവിതം നയിക്കുകയും ചെയ്ത ഭൂമിയിലെ രാജാക്കന്മാർ കത്തിയെരിയുന്ന പുകകാണുമ്പോൾ അവളെക്കുറിച്ച് കരയുകയും അലമുറയിടുകയും ചെയ്യുന്നു (വെളി. 18:9).

അവസാന നാളുകളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യർ നിയന്ത്രണമില്ലാത്തവരും സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കുമെന്ന് വി. പൗലോസ് പറയുന്നുണ്ട്. ഒരു കാര്യം മനസിലാക്കിക്കൊള്ളുക. അവസാന നാളുകളിൽ ക്ലേശപൂർണ്ണമായ സമയങ്ങൾ വരും. അപ്പോൾ സ്വാർത്ഥസ്നേഹികളും, ധനമോഹികളും, അഹങ്കാരികളും, ഗർവ്വിഷ്ഠരും, ദൈവദൂഷകരും, മാതാപിതാക്കന്മാരെ അനുസരിക്കാത്തവരും, കൃതഘ്നരും, വിശുദ്ധിയില്ലാത്തവരുമായ മനുഷ്യരുണ്ടാകും. അവർ മനുഷ്യത്വമില്ലാത്തവരും ഒന്നിനും വഴങ്ങാത്തവരും അപവാദം പറയുന്നവരും ആത്മനിയന്ത്രണമില്ലാത്തവരും എടുത്തുചാട്ടക്കാരും അഹന്തയുള്ളവരും ദൈവത്തെ സ്നേഹിക്കുന്നതിനുപകരം സുഖഭോഗങ്ങളിൽ ആസക്തിയുള്ളവരുമായിരിക്കും (2 തിമോ. 3:1–4). ലോകത്തേയും ലോകത്തിലുള്ളതിനെയും, ദൈവത്തേയും മാമോനെയും (സമ്പത്ത്) ഒരുപോലെ സേവിപ്പാൻ കഴിയില്ലാ എന്നു തുടങ്ങിയ തിരുവചനസത്യങ്ങൾ വ്യക്തമാക്കുന്നത് ഭൗതീക സമൃദ്ധി ദൈവാനുഗ്രഹം അല്ലായെന്നുള്ളതാണ്. ആത്മാവിനെതിരായ ജഡത്തിന്റെ വ്യാപാരങ്ങളിൽപ്പെട്ടതാണ് ഭൗതീകോന്നതിയെന്ന് പല പുതിയനിയമഭാഗങ്ങളും വ്യക്തമാക്കുന്നു.

*ശേഷം പേജ് 8 കാണുക*



# ലക്ഷ്യം നേടാൻ ദൃഢനിശ്ചയം

അടഞ്ഞ വാതിലിൽത്തന്നെ നോക്കിനില്ക്കുന്നതുകൊണ്ടാണ് തുറന്ന വാതിൽ നമ്മൾ കാണാതെ പോകുന്നത്? വിജയം നമുക്കൊരു ശീലമാകണം. ചുറ്റുപാടുകളും ജീവിതസാഹചര്യങ്ങളും നമ്മുടെ മുമ്പിലുയർത്തുന്ന വെല്ലുവിളികളും മറ്റുള്ളവർ തോറ്റുപോകുന്ന പ്രതിബന്ധങ്ങളും നമുക്ക് മുമ്പിൽ ഒരിക്കലും നമ്മുടെ വിജയപ്രയാണത്തിന് തടസമാകരുത്. ഉയർന്ന ലക്ഷ്യബോധത്തോടൊപ്പം ഇച്ഛാശക്തിയുള്ള ഒരു മനസും നമുക്ക് സ്വന്തമായിട്ടുണ്ടെങ്കിൽ വിജയംകൊണ്ട് ചരിത്രം സൃഷ്ടിക്കാൻ സാധിക്കും.

ഏതു കാര്യത്തിലും ലക്ഷ്യം നേടിയേ അടങ്ങൂ എന്ന ദൃഢനിശ്ചയം ജീവിതത്തിന്റെതന്നെ ഒരു ഭാഗമായിത്തീരണം. അതോടൊപ്പംതന്നെ ചില പോരായ്മകൾ ചിലപ്പോഴെങ്കിലും നമ്മെ അലട്ടുമ്പോൾ ഇത്തരം ചില യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ നന്നേ ചെറുപ്പം മുതലേ ശീലിക്കണം. ജീവിതത്തിന്റെ വിവിധ മേഖലകളിൽ തന്നെക്കാൾ പ്രഗത്ഭമതികൾ ഉണ്ടെന്നറിയുമ്പോൾ, അവർ അവരുടെ പ്രവർത്തനമേഖലകളിൽ ഉയർന്ന പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നത് കാണുമ്പോൾ തളർന്നുപോവുകയല്ല വേണ്ടത്, മറിച്ച് കൂടുതൽ തീക്ഷ്ണവും ചിട്ടയുമായ പ്രവർത്തനങ്ങളിലൂടെയും പരിശീലനത്തിലൂടെയും വിജയിച്ച് മുന്നേറുകയാണ് ചെയ്യേണ്ടത്.



ദൃഢനിശ്ചയത്തിനുമുമ്പിൽ ചരിത്രം വഴിമാറുകതന്നെ ചെയ്യും. ചെറുപ്പംമുതലേ നമ്മോടുതന്നെ കൂടുതൽ വിശ്വാസവും പൊരുത്തവും ഉണ്ടാവണം. ജീവിതത്തിൽ നമ്മുടെ ലക്ഷ്യങ്ങൾക്ക് വിലക്കേർപ്പെടുത്തരുത്. ജീവിതചുറ്റുപാടുകൾ നമ്മിൽ അടിച്ചേല്പിക്കാൻ പരിശ്രമിക്കുന്ന ശാരീരികവും വൈകാരികവുമായ പരിമിതികളെക്കാൾ മനസിന്റെ സ്വാധീനമാണ് പ്രധാനം. വ്യക്തികളിൽ മനസിന്റെ സ്വാധീനം ചെലുത്തുന്ന അത്ഭുതാവഹമായ മാറ്റങ്ങളെക്കുറിച്ച് നമ്മളെപ്പോഴും ബോധവാന്മാരും ബോധവതികളുമായിരിക്കണം.

വിജയം എന്ന പദത്തെ പല രീതിയിൽ വ്യാഖ്യാനിക്കാമെങ്കിലും ഒറ്റവാക്കിൽ പറഞ്ഞാൽ 'ലക്ഷ്യം', അത് ചെറുതോ വലുതോ ആകട്ടെ, നിശ്ചയിക്കുകയും അതു നേടുകയും ചെയ്യുന്നതുതന്നെയാണ് വിജയം. മറ്റുള്ളവരോട് നമുക്കെന്നും പങ്കുവയ്ക്കാനുള്ളത് സ്വന്തം ജീവിതം തന്നെയായിരിക്കണം. നമുക്കോരോരുത്തർക്കും നമ്മുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാം. ജീവിതത്തിന്റെ വിവിധ മേഖലകളിൽ നമ്മൾ വിജയം ആഘോഷിക്കുന്നത് ഭാവനയിൽ കാണണം. അപ്പോൾ വിജയം കുറേക്കൂടി എളുപ്പമാകും. ജീവിതത്തിൽ ചില അവസരങ്ങളിൽ, വലിയ ലക്ഷ്യങ്ങൾ മനസിൽ ഉണ്ടെങ്കിലും പരിശ്രമത്തിനിടയിൽ ചിലരെങ്കിലും പരാജയപ്പെട്ട് പിന്മാറുന്നത് കണ്ടിട്ടുണ്ട്. എന്തായിരിക്കും ഇതിന് കാരണമെന്ന് ഒരുവട്ടം ചിന്തിക്കുന്നത് നല്ലതാണ്. യഥാർത്ഥത്തിൽ പരാജയം എന്നൊന്നില്ലെന്നും അത് പരിശ്രമത്തിന്റെ അഭാവത്താൽ സംഭവിക്കുന്നതു മാത്രമാണെന്നും മനസിലാക്കാതെ പോകുന്നത് വലിയൊരു പോരായ്മയാണ്. നമ്മളിൽ പലരും ലക്ഷ്യപ്രാപ്തിക്കായുള്ള പരിശ്രമം ഉപേക്ഷിക്കുന്നതിന്റെ പ്രധാന കാരണം മുന്നേറാനുള്ള അവസരത്തെക്കാൾ പരാജയം മുന്നിൽ കാണുന്നതാണ്. പരിശ്രമത്തിനിടെയുള്ള പ്രതിബന്ധങ്ങളെ നോക്കിക്കാണുന്ന കാഴ്ചപ്പാടാണിവിടെ പ്രശ്നം. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളെ അനുഭവപാഠങ്ങളാക്കി മാറ്റാൻ സാധിച്ചാൽ ലോകത്തിൽ ഒരു ശക്തിക്കും നമ്മുടെ വിജയത്തെ പുറകോട്ട് വലിക്കാനാവില്ല. ജീവിതത്തിലേക്ക് കടന്നുവരുന്ന വലുതും ചെറുതുമായ എല്ലാ വെല്ലുവിളികളെയും ദൈവാശ്രയത്തിൽ മനഃശക്തികൊണ്ട് കീഴ്പ്പെടുത്താൻ കഴിയും എന്നതാണ് യാഥാർത്ഥ്യം. കാരണം പലപ്പോഴും അഭിമുഖീകരിക്കേണ്ടിവരുന്ന വൈകല്യങ്ങളും വെല്ലുവിളികളും പ്രതിസന്ധികളും മനസുകൊണ്ട് നാം തീർക്കുന്ന ചട്ടക്കൂടുമാത്രമാണ്. ശരിയായ മനോഭാവംകൊണ്ട് നേരിടാനാവാത്ത ഒരു വെല്ലുവിളിയും ഇല്ല. ജീവിതത്തിൽ വെല്ലുവിളികൾ അഭിമുഖീകരിക്കാത്തവരായിട്ട് ആരുംതന്നെയില്ല. അതിൽ അവസരങ്ങൾ കണ്ടെത്താനായാൽ നമുക്ക് വിജയിക്കാം. അല്ലെങ്കിൽ അതൊരു ഭീതിയായി നമ്മെ വേട്ടയാടും.

ജീവിതത്തിൽ നേരിടുന്ന ഓരോ വെല്ലുവിളിയും ശക്തമായി മുന്നോട്ടുനീങ്ങാനുള്ള പ്രചോദനമായി കാണുകയാണെങ്കിൽ വിജയം ഉറപ്പാണ്. അടങ്ങാത്ത ഇച്ഛാശക്തിയും നിതാന്ത പരിശ്രമവും ധൈര്യവും ദൈവീക സാന്നിധ്യവുമാണ് വെല്ലുവിളികൾ നേരിടാൻ എന്നും നമുക്ക് തുണയാകുന്നത്. പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും ശരിയായി ഉപയോഗിക്കുക. നമ്മളിലുള്ള ശ്രേഷ്ഠമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക. ഇതിലൂടെ ജീവിതത്തിൽ വിജയം നേടാൻ കഴിയും. നമുക്ക് നല്കപ്പെട്ടിട്ടുള്ള ഓരോ അവസരവും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കണം. സ്വന്തം അവസ്ഥയിൽ സന്തോഷിക്കുവാൻ സാധിക്കണം. അതുപോലെതന്നെ സ്വയം തിരിച്ചറിയാതെ മറ്റുള്ളവരുടെ തീരുമാനങ്ങൾക്കനുസരിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവരാകരുത് നമ്മൾ. വിജയിക്കാൻ എളുപ്പവഴി തേടുന്ന ഭാഗ്യാന്വേഷികളാകരുത് നമ്മളിലാരും. കാരണം, വിജയിക്കാൻ ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു വഴി മാത്രമേ മുമ്പിലുള്ളൂ വിശ്രമമില്ലാത്ത പരിശ്രമത്തിന്റെ വഴി. അതാകട്ടെ കഠിനമാണുതാനും. നമുക്കൊരു സ്വപ്നമുണ്ടായിരിക്കുക. അത് യാഥാർത്ഥ്യമാക്കാനുള്ള വഴികളും വ്യക്തമായി മനസിലാക്കിയിരിക്കുക. ഇത് ജീവിത വിജയത്തിന് അത്യാവശ്യമാണ്. ഭയത്തെ ജീവിതത്തിൽ നിന്നും ഒഴിവാക്കുക. സ്വപ്നസാക്ഷാത്കാരത്തിന് വിഘാതമായിത്തീരാവുന്ന എല്ലാ ചിന്തകളും വലിച്ചെറിയുക. സാമ്പത്തികസ്ഥിതി, പരാജയബോധം, നിരാശ, കുറ്റബോധം തുടങ്ങി പലതും ചിന്താമണ്ഡലത്തെ അലട്ടിക്കൊണ്ടിരിക്കും. ഭയത്തെ ഒഴിവാക്കുകവഴി ഇത്തരം വിചാരങ്ങളെ ജീവിതത്തിൽ നിന്നും അകറ്റിനിർത്താനാകും. ജീവിതത്തെക്കുറിച്ച് വലിയ സ്വപ്നങ്ങൾ കാണുക. സ്വയം ചെറുതാണെന്ന് കരുതുകയോ അയോഗ്യനാണെന്ന് ചിന്തിക്കുകയോ ചെയ്യാതിരിക്കുക. അതോടൊപ്പം ലക്ഷ്യത്തിൽത്തന്നെ വ്യക്തമായി നിലകൊള്ളുക,

---





# തന്നെത്തന്നെ ഭയപ്പെടണോ?

ജർമ്മനിയിൽ നാസികൾ നടത്തിയ കൂട്ടക്കൊലയിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടയാളാണ് യഹ്യേൽ ദിനർ. 1948-ൽ ഇസ്രയേൽ രാജ്യം സംസ്ഥാപിതമായപ്പോൾ ദിനറും കുടുംബവും അവിടേക്കു കുടിയേറി. ദിനർ ഇസ്രയേലിൽ സമാധാനപൂർവ്വം ജീവിക്കുമ്പോഴാണ് ഒളിവിൽക്കഴിയുന്ന കുപ്രസിദ്ധ നാസി കുറ്റവാളിയായ അഡോൾഫ് ഐക്മൻ 1960ൽ പിടിക്കപ്പെട്ടത്. ഹിറ്റ്ലറുടെ കാലത്ത് ജർമ്മൻ ഗെസ്റ്റപ്പോയിൽ യഹൂദന്റെ ചുമതല വഹിച്ചിരുന്ന ആളാണ് ഐക്മൻ. അതിക്രൂരനായിരുന്ന ഐക്മന്റെ നേതൃത്വത്തിൽ ലക്ഷക്കണക്കിന് യഹൂദരെയാണു നാസികളുടെ ഗ്യാസ് ചേംബറിനുള്ളിൽ കൊലപ്പെടുത്തിയത്.

ഐക്മന്റെ അറസ്റ്റ് അന്തരാഷ്ട്രതലത്തിൽ വലിയൊരു വാർത്തയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനി പരാജയപ്പെട്ടപ്പോൾ ജർമ്മനിയിൽ നിന്നു മുങ്ങിയ ഐക്മൻ ഇസ്രയേലിന്റെ ചാരസംഘടനയായ മൊസാദിന്റെ കണ്ണുവെട്ടിച്ച് ഒട്ടേറെക്കാലം നടന്നു. എങ്കിലും അവസാനം ഐക്മനെ ജീവനോടെ പിടിച്ചെടുക്കുന്നതിൽ ഇസ്രയേലികൾ വിജയിച്ചു. അറസ്റ്റ് ചെയ്യപ്പെട്ട ഐക്മനെ വിചാരണയ്ക്കായി ഇസ്രയേലിലേ ക്കു കൊണ്ടുവന്നു. ഈ അവസരത്തിൽ ഐക്മനെ കാണാൻ വേണ്ടി ദിനറും കോടതിയിലെത്തി.

ദിനർ കോടതിമുറിയിൽ കയറുമ്പോൾ ബുള്ളറ്റ് പ്രൂഫ് ഗ്ലാസിനുള്ളിൽ ഐക്മൻ നിൽക്കുന്നുണ്ടായിരുന്നു. അയാളെ നേരിൽക്കണ്ട ദിനർ കുറേനേരം ആ ഭീകര കുറ്റവാളിയെ തുറിച്ചുനോക്കിക്കൊണ്ടുനിന്നു. പെട്ടെന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർ ധാരയായി പ്രവഹിക്കുവാൻ തുടങ്ങി. അധികം താമസിയാതെ ദിനർ അവിടെ തളർന്നുവീണു.

സെക്യൂരിറ്റി വിഭാഗം ഓടിയെത്തി ദിനറിനെ വേഗം ആശുപത്രിയിലാക്കി. താമസിയാതെ പൂർവാരോഗ്യം വീണ്ടെടുത്ത ദിനറിനെ ഇന്റർവ്യൂ ചെയ്യാനായി പത്ര റിപ്പോർട്ടർമാർ ഓടിയെത്തി. ഐക്മനെ നേരിൽക്കാണാനിടയായപ്പോൾ അയാളോടു തോന്നിയ വെറുപ്പും വിദ്വേഷവും ആണോ കോടതിമുറിയിൽ തളർന്നുവീഴുവാൻ ഇടയാക്കിയതെന്ന് ഒരു റിപ്പോർട്ടർ ചോദിച്ചപ്പോൾ ദിനർ പറഞ്ഞു: ഇല്ല. എനിക്കയാളോടു വെറുപ്പും വിദ്വേഷവും ഒന്നും തോന്നിയില്ല. എന്നാൽ, അയാളെക്കണ്ടപ്പോൾ എനിക്ക് എന്നെക്കുറിച്ചുതന്നെ പെട്ടെന്നു പേടിതോന്നി. ഐക്മനെപ്പോലെ ക്രൂരനാകുവാനുള്ള സാധ്യത എന്നിലുമുണ്ടല്ലോ എന്ന ചിന്ത എന്നെ ഞെട്ടിച്ചു. അല്പനേരത്തെ മൗനത്തിനുശേഷം ദിനർ താഴ്ന്ന സ്വരത്തിൽ പറഞ്ഞു: നമ്മിലെല്ലാവരിലും ഐക്മന്റെ അംശങ്ങളുണ്ട്.



മനുഷ്യരായ നമ്മിലെല്ലാവരിലും ഐക്മന്റെ അംശം ഉണ്ടെന്ന ചിന്ത നമ്മെ പേടിപ്പെടുത്തിയേക്കാം. എന്നാൽ, അപ്പോൾ നാം ഓർമിക്കേണ്ട മറ്റൊരു കാര്യമുണ്ട്. അതായത്, നാം അറിയുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യാതെ നമ്മിലുള്ള ഐക്മന്റെ അംശത്തിനു വളരുവാൻ സാധ്യമല്ല എന്ന വസ്തുത. അതുപോലെതന്നെ നാം മനസുവച്ചാൽ, നമ്മിൽ നിലനിൽക്കാനിടവന്നിട്ടുള്ള ഐക്മന്റെ അംശത്തെ പൂർണ്ണമായും നമ്മിൽ നിന്നു നിഷ്കാസനം ചെയ്യുവാൻ സാധിക്കുമെന്നതും നാം മറന്നുപോകേണ്ട. നമ്മുടെ സ്വഭാവം തിന്മയിലേക്കു ചാഞ്ഞാണിരിക്കുന്നത്. എന്നാൽ ദൈവാനുഗ്രഹത്തോടെ ശ്രമിച്ചാൽ നമ്മിലെ തിന്മയുടെ വാസനകളെ നിർമ്മാർജ്ജനം ചെയ്ത് നന്മയുടെ വഴിയേ മുന്നേറാൻ സാധിക്കുമെന്ന സത്യം നമുക്കെപ്പോഴും ഓർമ്മിക്കാം.



# വേദാഭിമാനിയുടെ മറുപടി

**പൂർണ്ണതയിലേക്കുള്ള പ്രയാണത്തിലായിരിക്കുന്ന മനുഷ്യന് ഒരിക്കലും പൂർണ്ണത അവകാശപ്പെടുവാൻ കഴിയുകയില്ല. അങ്ങനെയെങ്കിൽ മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ച യേശുക്രിസ്തുവിന് എങ്ങനെ പൂർണ്ണത അവകാശപ്പെടുവാൻ കഴിയും. മനുഷ്യന് ദൈവമാകുവാനോ, ദൈവത്തിന് മനുഷ്യനാകുവാനോ കഴിയില്ല. അപ്പോൾ യേശുക്രിസ്തുവിന്റെ പൂർണ്ണത എന്നു പറയുന്നത് മിഥ്യയല്ലേ? .....നിസ്സഹായനായി മരിച്ച യേശുക്രിസ്തുവിനെ അനുഗമിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്ത്?**

*-സാം സി. സൈമൺ, കാഞ്ഞിരത്തുംമൂട്, മുളക്കുഴ, ചെങ്ങന്നൂർ.*

മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത് പൂർണ്ണത പ്രാപിക്കാൻ വേണ്ടിയാണ്. പൂർണ്ണതയ്ക്കും നിത്യതയ്ക്കും വേണ്ടിയുള്ള ദാഹം മനുഷ്യന്റെ അന്തരാത്മാവിൽ നിക്ഷിപ്തമായിരിക്കുന്നു. അപൂർണ്ണമായതൊന്നും മനുഷ്യനെ സ്ഥായിയായി തൃപ്തിപ്പെടുത്തുന്നില്ല. ഈ സൃഷ്ടപ്രപഞ്ചത്തിന് മനുഷ്യന്റെ ഈ ആന്തരികദാഹം ശമിപ്പിക്കുക സാദ്ധ്യമല്ല. കാരണം ഈ ദാഹം ദൈവത്തിനുവേണ്ടിത്തന്നെയുള്ളതാണ്. പ്രപഞ്ചം നിത്യമല്ല. ദൈവത്തിന്റെ സൃഷ്ടി മാത്രമാണ്. അത് അവസാനമുള്ളതാണ്. മനുഷ്യനാകട്ടെ നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നവനാണ്. ആകയാൽ മനുഷ്യാസ്തിത്വം തേടുന്നതെന്തോ അതു പ്രദാനം ചെയ്യാൻ സൃഷ്ട പ്രപഞ്ചത്തിന് കഴിയുകയില്ല. എന്തെന്നാൽ "ശാശ്വതമല്ലാത്തതെന്തും നിത്യതയിൽ വിലയില്ലാത്തതാണ്". നശ്വരമായവയ്ക്ക് അനശ്വരതയെ പ്രദാനം ചെയ്യാൻ കഴിയുകയില്ല.

ലോകചരിത്രത്തിൽ പൂർണ്ണത അവകാശപ്പെടാൻ കഴിയുന്ന ഏക വ്യക്തി യേശു മാത്രമാണ്. അവനിൽ പാപമില്ലായിരുന്നു. അവൻ ദൈവമായിരിക്കെ മനുഷ്യനായവനാണ്. സ്നേഹം അതിന്റെ പൂർണ്ണതയിൽ കാരുണ്യമായി അവനിൽ നിറഞ്ഞിരുന്നു. അഥവാ, യേശു 'കാരുണ്യത്തികവായിരുന്നു. യേശുവിന്റെ പ്രബോധനത്തിലും പ്രവർത്തനത്തിലും കുറവുകളില്ലായിരുന്നു. മനുഷ്യനുമായുള്ള ബന്ധത്തിലും അവിടുന്ന് പൂർണ്ണനായിരുന്നു. മനുഷ്യന് എപ്പോഴും എല്ലാ കാലഘട്ടങ്ങളിലും പൂർണ്ണത ദർശിക്കാൻ ദൈവം നല്കിയ മാതൃകയാണ് ചരിത്രത്തിലെ യേശു. "യേശുക്രിസ്തു മാത്രമാണ് അനുഗമനയോഗ്യമായ മാർഗ്ഗം, പ്രകാശനയോഗ്യമായ പ്രകാശം, ജീവിക്കത്തക്ക ജീവിതം, സ്നേഹിക്കത്തക്ക സ്നേഹം".

യേശുവിന്റെ ഗിരിപ്രഭാഷണം ധാർമ്മികപൂർണതയായ 'സ്നേഹപൂർണ്ണതയുടെ ഉദ്ബോധനമായിരുന്നു. ശത്രുസ്നേഹവും സ്വയം ശൂന്യവല്ക്കരണവും ഉൾക്കൊണ്ടുകൊണ്ട് പൂർണ്ണത പ്രാപിക്കണമെന്നു പഠിപ്പിക്കുകയും സ്വജീവിതത്തിലൂടെ അവിടുന്ന് അത് പ്രാവർത്തികമാക്കി നമുക്ക് മാതൃക നല്കുകയും ചെയ്തിരിക്കുന്നു. പാപം മനുഷ്യജീവിതത്തിന് അനിവാര്യമല്ലെന്നും പാപം കൂടാതെ മനുഷ്യജീവിതം സാധ്യമാകുമെന്നും അവിടുന്നു തെളിയിച്ചുതന്നു. മാത്രവുമല്ല, പാപത്തോടു കൂട്ടുചേരാത്ത ജീവിതമാണ് പൂർണ്ണതയുടെ മാർഗ്ഗമെന്നും അവിടുന്ന് തെളിയിച്ചു.

ക്രിസ്തുവിന്റെ വരവോടുകൂടി മനുഷ്യൻ പൂർണതയെന്നത് ഒരു ആശയം മാത്രമല്ല, ഒരു വ്യക്തിയിലൂടെ നല്കപ്പെട്ട മാതൃകയായി മാറിയിരിക്കുന്നു. പൂർണ്ണതയുടെ ഏക മാനദണ്ഡമായി ചരിത്രത്തിൽ ക്രിസ്തു നിലകൊള്ളുന്നു. ഇനി മുതൽ പൂർണ്ണത പ്രാപിക്കുക എന്നാൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നതായിരിക്കുന്നു. മറ്റൊരു ക്രിസ്തുവായിത്തീരാത്തിടത്തോളം മനുഷ്യൻ അപൂർണ്ണനായിരിക്കും. "ക്രിസ്തുവിനെപ്പോലെ ആയിത്തീരാനുള്ള മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. പൂർണ്ണനാകണമെങ്കിൽ 'സാക്ഷാൽ ക്രിസ്ത്യാനി ആയിത്തീരണം എന്നു സാരം. ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ നയനങ്ങളും ജീവിതദർശനവും സ്നേഹഹൃദയവും സ്വന്തമാക്കിക്കൊണ്ട് മറ്റൊരു ക്രിസ്തുവായി ത്തീരാനുള്ള സാധ്യതയാണ് ക്രിസ്തുമാർഗ്ഗം. ഇതാകട്ടെ, മനുഷ്യൻ രൂപീകരിച്ച സാധ്യതയല്ല, ചരിത്രത്തിൽ ദൈവപുത്രനായ ക്രിസ്തു രൂപപ്പെടുത്തിയ വഴിയാണ്.

ക്രിസ്തു നമുക്കു മുമ്പിൽ ഉയർത്തുന്ന വെല്ലുവിളികളും അവിടുന്ന് നമുക്ക് നല്കുന്ന ക്ഷണവും ഈ സത്യത്തെ വിളിച്ചോതുന്നവയാണ്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുന്നില്ല, അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും" എന്നും "ഞാൻ വഴിയും സത്യവും ജീവനുമാണ്, എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ പക്കലേക്കു വരുന്നില്ല" എന്നും യേശു പ്രഖ്യാപിക്കുമ്പോൾ അവിടുന്ന് മനുഷ്യന് പൂർണ്ണതയ്ക്കുള്ള ഏക മാർഗ്ഗമായി സ്വയം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. പറുദീസയിൽ മരണം സമ്മാനിച്ച പാപത്തിന്റെ കനിക്ക് വിരുദ്ധമായി, "ഞാനാണ് ജീവന്റെ അപ്പം, ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" എന്ന് യേശു വെളിപ്പെടുത്തുന്നു. "പുനരുദ്ധാനവും ജീവനും ഞാനാകുന്നു, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നും "ഞാനാണ് ആടുകൾക്കു വാതിൽ എന്നും "ഞാൻ നല്ല ഇടയനാണ്" എന്നും യേശു മാനവരാശിക്ക് സ്വയം വെളിപ്പെടുത്തുന്നു. "ഉന്നതത്തിൽ നിന്നും വന്നവൻ എല്ലാവർക്കും ഉപരിയാണെന്നും" "അബ്രഹാമിനു മുമ്പ് ഞാനുണ്ട് എന്നും ശലോമോനെക്കാൾ വലിയവനും, ദേവാലയത്തെക്കാൾ ശ്രേഷ്ഠമായവനുമാണ് താനെന്നും" അവിടുന്ന് പ്രഖ്യാപിച്ചുകൊണ്ട് നമുക്കു സ്വയം പരിചയപ്പെടുത്തിത്തരുന്നു. അവിടുന്ന് തന്റെ ശ്രോതാക്കളെ വെല്ലുവിളിക്കുന്നു: "നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും?". ചരിത്രത്തിൽ മറ്റാർക്കും ചോദിക്കാൻ കഴിയാത്ത ചോദ്യം! മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ഔന്നത്യം.

ഈ വിധമെല്ലാം യേശു തന്റെ പൂർണ്ണതയുടെ ആധികാരികത വെളിപ്പെടുത്തിത്തന്നുകൊണ്ട്, അവിടുത്തെ അനുഗമിക്കുന്നതുവഴിയായി പൂർണ്ണത കൈവരിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. എന്നെ അനുഗമിക്കുന്നവൻ "ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല", എന്നിൽ നിന്ന് കുടിക്കുന്നവൻ "ഒരുനാളും ദാഹിക്കുകയില്ല", എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും", എന്നോട് ചേർന്നു നില്ക്കുന്നവൻ "ധാരാളം ഫലം പുറപ്പെടുവിക്കും", എന്നിൽ വിശ്വസിക്കുന്നവൻ "മരിച്ചാലും ജീവിക്കും" ഇങ്ങനെ നീളുന്നു യേശു നല്കുന്ന ഉറപ്പ്. യേശുവിനെ അനുഗമിക്കുക വഴി നാമും യേശുവിന്റെ പൂർണ്ണതയിൽ പങ്കുകാരാവുകയാണ്. ഈ സാധ്യതയാണ് ക്രിസ്തീയ ജീവിതം നമുക്കു പ്രദാനം ചെയ്യുന്നത്. അങ്ങനെ ക്രിസ്തുമാർഗ്ഗം മാനവരാശിക്ക് നന്മയിലേക്കുള്ള പാത എന്നതിലുപരി പൂർണ്ണതയ്ക്കുള്ള സാധ്യതയായി നിലകൊള്ളുന്നു. ആത്മീയതലത്തിലും, മതാത്മകതയിലും ധാർമ്മികതയിലും പൂർണ്ണത ഉൾക്കൊള്ളുന്ന മാർഗ്ഗമായി ക്രിസ്തുമാർഗ്ഗം നിലകൊള്ളുന്നു. ഈ ത്രിവിധ തലങ്ങളിലുള്ള പൂർണ്ണതയിലൂടെ മനുഷ്യനെ ദൈവൈക്യത്തിലേക്ക് എത്തിക്കുകയാണ് ക്രിസ്തു ചെയ്യുന്നത്.

ഒരു വ്യക്തിയെ ആത്യന്തികമായി സന്തുഷ്ടനാക്കുന്നത് ദൈവവുമായുള്ള മുഖാമുഖം കണ്ടുമുട്ടലാണ്. മനുഷ്യന്റെ അസ്തിത്വത്തിന്റെ സാക്ഷാത്കാരം ദൈവത്തെ പ്രാപിക്കുക എന്നതുതന്നെയാണ്. ഇത് പ്രദാനം ചെയ്തത് യേശുക്രിസ്തു മാത്രമാണ്.

എല്ലാ മതങ്ങളിലൂടെയും അവയുടെ ദൈവസങ്കല്പങ്ങളിലൂടെയും പരാമർശിക്കുന്ന സത്യങ്ങൾ അവയുടെ പൂർണ്ണതയിൽ ക്രിസ്തുവിൽ പ്രകടമായിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ എല്ലാ അന്വേഷണങ്ങൾക്കും ഉത്തരമാണ് ക്രിസ്തു. മനുഷ്യൻ മതങ്ങളിലൂടെ എന്താണോ അന്വേഷിച്ചുകൊണ്ടിരിക്കുന്നത് അതാണ് ക്രിസ്തു.

ധാർമ്മികതയെക്കുറിച്ചും നന്മതിന്മകളെക്കുറിച്ചുമുള്ള എല്ലാ പഠനങ്ങളുടെയും പൂർത്തീകരണം ക്രിസ്തുവിന്റെ പ്രബോധനത്തിലും ജീവിതത്തിലും പ്രകടമായിരിക്കുന്നു എന്നതാണ്. അതാണ് സ്നേഹത്തെക്കുറിച്ചുള്ള പ്രബോധനവും സ്നേഹപൂർണ്ണതയുടെ മാതൃകയും.

മനുഷ്യൻ തന്റെ അസ്തിത്വത്തിന്റെ അർത്ഥത്തെക്കുറിച്ചും അസ്തിത്വപൂർണ്ണതയെക്കുറിച്ചും നിരന്തരം അന്വേഷണത്തിലാണ്. ഈ അന്വേഷണത്തിന് ഉത്തരം ക്രിസ്തുവിലാണ് കണ്ടെത്തുന്നത്. ക്രിസ്തുവിനെ കണ്ടെത്തിയവൻ തന്റെതന്നെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തിയിരിക്കുന്നു എന്നത് സത്യമാണ്. ക്രിസ്തുവിനെ കണ്ടെത്തിയവൻ സ്വജീവിതത്തിൽ പൂർണ്ണതയുടെ പാത കണ്ടെത്തിയിരിക്കുന്നു. "യേശുക്രിസ്തുവിനെ കൂടാതെ ദൈവം ആരാണെന്നോ ജീവനും മരണവും എന്താണെന്നോ നമ്മൾതന്നെ ആരാണെന്നോ നമ്മൾ അറിയുന്നില്ല".

മനുഷ്യൻ തേടുന്ന രക്ഷയെക്കുറിച്ച് ആധികാരികമായി പറഞ്ഞുതരാനും രക്ഷ നല്കാനും കഴിയുന്നവനായി ക്രിസ്തു നിലകൊള്ളുന്നു. ആ രക്ഷയാകട്ടെ, മനുഷ്യനെ അധഃപതിപ്പിക്കുന്ന എല്ലാ പാപങ്ങളിൽനിന്നുമുള്ള മോചനവും സൗഖ്യവുമാണ്. ആത്മീയവും ശാരീരികവും മാനസികവും ബൗദ്ധീകവുമായ സൗഖ്യവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യാൻ ക്രിസ്തുവിനു കഴിയുന്നു.

ക്രിസ്തു സകലത്തിന്റെയും പൂർണ്ണതയായി നിലകൊള്ളുന്നു എന്ന സത്യം ഒരു ഭാഗത്ത്. മതങ്ങൾ ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടി നില്ക്കുന്നുവെങ്കിൽ മറുഭാഗത്ത് ക്രിസ്തു എല്ലാ മതസത്യങ്ങളെയും പൂർത്തീകരിച്ചു നില്ക്കുന്നു. എല്ലാ പൂർണ്ണതകളും ക്രിസ്തുവിൽ കുടികൊള്ളുന്നു. അവിടുന്ന് ദൈവികപൂർണ്ണതയും മനുഷ്യത്വത്തിന്റെ പൂർണ്ണതയും ധാർമ്മിക പൂർണ്ണതയുമാണ്. മനുഷ്യകുലത്തിന് കുറവുകളില്ലാത്ത മാതൃകയുമാണ് ക്രിസ്തു. ദൈവത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും ധാർമ്മികതയെക്കുറിച്ചുമുള്ള എല്ലാ ദർശനങ്ങളും ക്രിസ്തുവിൽ അവയുടെ പൂർണ്ണത കണ്ടെത്തുന്നു. ക്രിസ്തുവിനുമപ്പുറത്തേക്ക് കടന്നു ചെല്ലാൻ സാധ്യമല്ലാത്തവിധം അവിടുന്ന് പൂർണ്ണത തന്നെയായിരിക്കുന്നു.

"ഇപ്രകാരം ക്രിസ്തുവിൽ പൂർണ്ണത കണ്ടെത്തിയ അനേകായിരം മനുഷ്യരുടെ ജീവിതങ്ങൾ സാക്ഷ്യങ്ങളായി അവതരിപ്പിക്കാൻ ക്രിസ്തുവിന്റെ സഭയ്ക്ക് ഇന്ന് കഴിയുന്നുവെന്നതാണ് ക്രിസ്തീയതയുടെ മറ്റൊരു സവിശേഷത. രണ്ടായിരം വർഷങ്ങളിലെ ചരിത്രത്തിൽ ക്രിസ്തുവിനെപ്പോലെ ആയിത്തീരാൻ യത്നിച്ച്, സ്നേഹത്തിന്റെ പൂർണ്ണത കാണിച്ചുതന്ന നിരവധി സാക്ഷ്യ ജീവിതങ്ങളാൽ ധന്യമാണ് ക്രിസ്തുസഭ." മതങ്ങൾ അവതരിപ്പിക്കുന്ന സത്യങ്ങൾ മാത്രമല്ല ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്നത്. മനുഷ്യന്റെ തത്വചിന്താധാരകളും അവയുൾക്കൊള്ളുന്ന സത്യാന്വേഷണവും മനുഷ്യനെ നയിക്കുന്നത് ക്രിസ്തുവിലേക്കാണ്. ഗ്രീക്കു തത്വചിന്തയും ആധുനിക അസ്തിത്വവാദവും യഥാവിധി പരിശോധിച്ചാൽ അവയുടെ അന്വേഷണത്തിനുത്തരം ക്രിസ്തുവിൽ കണ്ടെത്താനാകുമെന്ന് മനസ്സിലാകുന്നു. ഏറ്റവും വൈരുദ്ധ്യമെന്നു തോന്നാവുന്ന വസ്തുതയുണ്ട്. മതനിരപേക്ഷതയുടെയും മാനവികതയുടെയും വക്താക്കൾ പോലും പലപ്പോഴും മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളും ആദർശങ്ങളും യഥാർത്ഥത്തിൽ ചെന്നെത്തി നില്ക്കുന്നത് ക്രിസ്തുവിലാണ്. സത്യം, നീതി, സമത്വം, സ്വാതന്ത്ര്യം എന്നീ ആദർശങ്ങളിലൂടെ ഇത്തരം പ്രസ്ഥാനങ്ങളും ചിന്താധാരകളും പ്രകടമാക്കാനാഗ്രഹിക്കുന്ന യഥാർത്ഥ മാനവികത അതിന്റെ പൂർണ്ണതയിൽ ക്രിസ്തുവിൽ കുടികൊള്ളുന്നു. "സത്യം തേടുന്നവരെല്ലാം ദൈവത്തെ തേടുന്നു. അത് അവർ അറിഞ്ഞുകൊണ്ടാണെങ്കിലും അല്ലെങ്കിലും". ദൈവത്തെ യഥാവിധി തേടുന്നവർ ക്രിസ്തുവിൽ അത് കണ്ടെത്തുന്നു. ക്രിസ്തുവിനെ മാറ്റിനിർത്തുന്നതിലൂടെ മാനവരാശി ഒരിടത്തും ചെന്നെത്തുകയില്ല. ക്രിസ്തുവിനെ സ്വീകരിക്കുന്നതിലൂടെ മാനവരാശി യഥാർത്ഥ ലക്ഷ്യം പ്രാപിക്കുന്നു. "എല്ലാം ക്രിസ്തുവിൽ പൂർത്തികരിക്കപ്പെടുന്നു" എന്ന സത്യത്തിലേക്ക് ലോകം ചുവടുവയ്ക്കത്തക്കവിധമാണ് ദൈവം പ്രപഞ്ചത്തെ രൂപപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ക്രിസ്തുദർശനം ലോകത്തിനും മനുഷ്യനും, എതിരുനിൽക്കുകയല്ല അവയെ അർത്ഥപൂർണ്ണമാക്കുകയും പൂർത്തീകരിക്കുകയുമാണ് ചെയ്യുന്നത്. അവസാനമായി ഒരു സത്യംകൂടി പറയട്ടെ, ക്രിസ്തു അല്ഫയും ഒമേഗയുമാണ്. അവിടുന്ന് എന്നേക്കും നിലനില്ക്കുന്നു. ക്രിസ്തുവിനെ കൂടാതെ ആരംഭമോ ക്രിസ്തുവിനെ മാറ്റിനിർത്തി അന്തമോ ഇല്ല. ഈ സത്യത്തിന്റെ പൂർത്തീകരണത്തിലേക്ക് പ്രപഞ്ചം നീങ്ങിക്കൊണ്ടിരിക്കുന്നു. സത്യവും ജീവന്റെ പൂർണ്ണതയും അന്വേഷിക്കുന്ന ഓരോ മനുഷ്യനോടും ക്രിസ്തു അരുൾ ചെയ്യുന്നു: "വരിക, എന്നെ അനുഗമിക്ക."

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs.250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20April: 2022 at RMS Kayamkulam
Published on Ist April: 2022
RNI Registered No. KERMAL/2002/7361




**ഒ**ന്നാമതായി, നീ നിന്നെത്തന്നെ അറിയുക. യുഗയുഗാന്തരങ്ങളായി ആചാര്യന്മാർ പഠിപ്പിച്ച തത്വമാണിത്. അവനവനെ അറിയാതെ ജീവിതപരിഷ്ക്കരണം സാധ്യമല്ലല്ലോ. ഞാൻ ആരാണ്? ഞാൻ എവിടെ നിന്നുവന്നു? ഞാൻ എവിടേക്ക് പോകുന്നു? എന്റെ ജീവിതലക്ഷ്യമെന്താണ്? ഞാൻ മരിച്ചാലും ജീവിക്കുമോ? ഇവയൊക്കെ ചോദിക്കേണ്ട ചോദ്യങ്ങളാണ്. ഇത്തരം ചോദ്യങ്ങളും ഉത്തരങ്ങളും അവനവന്റെ ശക്തിയും ബലഹീനതയും മനസ്സിലാക്കാൻ ഉപകരിക്കും. ഒരിക്കൽ ഒരു സന്യാസി തെരുവിലൂടെ എല്ലാം മറന്ന് ചിന്തയിലാണ്ട് നടന്നുനീങ്ങുകയായിരുന്നു. തനിക്കെതിരെ വന്ന വഴിയാത്രക്കാരനായ വൃദ്ധനെ സന്യാസി കണ്ടില്ല. നടന്ന് നടന്ന് വൃദ്ധന്റെ ദേഹത്ത് ചെന്ന് സന്യാസി മുട്ടി. കോപം വന്ന വൃദ്ധൻ ചോദിച്ചു: "നീ ആരാണെന്നാ ഭാവം? നീ എന്തു വിചാരിച്ചു? നിനക്കു കണ്ണു കണ്ടുകൂടെ?". സന്യാസി പറഞ്ഞു: "ഞാനാരാണ്? ആ ചോദ്യത്തെപ്പറ്റി ചിന്തിച്ചുകൊണ്ടാണ് ഞാൻ നടന്നത്". സന്യാസി തുടർന്നു: "താങ്കളുടെ ജോലിയെന്താണ്?". ജോലിയൊന്നുമില്ലെന്നായിരുന്നു വൃദ്ധന്റെ മറുപടി. സന്യാസി അയാളെ ആശ്രമത്തിൽ സ്വീകരിച്ചു. അയാൾക്ക് നല്കിയ ജോലിയിതായിരുന്നു. ഓരോ സന്യാസിയെ കണ്ടുമുട്ടുമ്പോഴും നീ ആരാണ്? എന്ന ചോദ്യം ചോദിക്കുക. ഓരോ സന്യാസിയെയും ആത്മാവബോധത്തിലേക്ക് നയിക്കാൻ ഉദ്ദേശിച്ചുകൊണ്ടായിരുന്നു ഈ ചോദ്യം. നാം ജീവിതത്തിൽ ചോദിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഞാനാരാണ്? എന്ന ചോദ്യമാണ്. ഈ ചോദ്യം നമ്മളെത്തന്നെ അറിയുന്നതിന് സഹായിക്കും. പാപം ചെയ്തതിനുശേഷം ദൈവം ആദാമിനോട് ചോദിച്ചു: "ആദം, നീ എവിടെയാണ്? ആദം നില്ക്കുന്നിടം അറിയാതിരുന്നിട്ടല്ല ദൈവം ആ ചോദ്യം ചോദിച്ചത്. ദൈവം ചോദിച്ചതിന്റെ അർത്ഥം ഇതാണ്.



ആദം, നിന്റെ സ്രഷ്ടാവായ ദൈവവുമായുള്ള ബന്ധത്തിൽ നീ എവിടെയാണ്; നിന്റെ ഭാര്യയുമായുള്ള ബന്ധത്തിൽ  നീ എവിടെയാണ്; പ്രപഞ്ചവുമായുള്ള ബന്ധത്തിൽ നീ എവിടെയാണ്? തന്റെ അന്തരാത്മാവിലേക്ക് കടന്നുചെന്ന് തന്നെത്തന്നെ വിലയിരുത്താനാണ് ആദാമിനെ ദൈവം പ്രേരിപ്പിച്ചത്. രണ്ടാമതായി, എന്നെത്തന്നെ അറിയുമ്പോഴുണ്ടാകുന്ന പ്രതികരണമാണ്. ഞാൻ ആകേണ്ടത് ആയിത്തീർന്നിട്ടില്ല എന്ന അറിവ്. അതിന്റെ ഫലമായുണ്ടാകുന്ന അതൃപ്തി. ആരും പൂർണ്ണരല്ല. പൂർണ്ണതയിലേക്കുള്ള യാത്രയിലാണ് നാം. ദൈവികതയെ പ്രകാശിപ്പിക്കുന്നവനാണ് വിശുദ്ധൻ.

പൈശാചികതയെ വളർത്തുന്നവനാണ് പാപി. മദർ തെരേസ തന്നിലുള്ള ദൈവികതയെ വളർത്തി സ്നേഹത്തിന്റെ സുവിശേഷമായി മാറ്റി. ഹിറ്റ്ലറും മറ്റും തങ്ങളിലെ പൈശാചികതയെ വളർത്തി. നാം ആകേണ്ടത് ആയിത്തീരാനുള്ള മാർഗ്ഗം നമ്മിലെ ദൈവികതയെ പ്രോജ്ജ്വലിപ്പിക്കുകയാണ്.

മൂന്നാമതായി ചെയ്യേണ്ടത് മാറ്റത്തിനുവേണ്ടി തീരുമാനമെടുക്കുകയാണ്. ആകേണ്ടത് ആയിത്തീർന്നിട്ടില്ലെങ്കിൽ ആയിത്തീരാനുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. തിന്മയോട് വിട പറയണം. ഈ തിന്മയുടെ ജീവിതം മതി എന്ന് തീരുമാനിക്കണം

# മൂന്നാമത്തെ അക്ഷരം

**ഗ്രാ**മത്തിലൂടെ കുതിരവണ്ടിയിൽ പോകുകയായിരുന്നു വില്യം മോർട്ടൻ എന്ന അധ്യാപകൻ. അപ്പോഴാണ് വഴിയരികിൽ ഒരു യുവാവിനെ മോർട്ടൻ കണ്ടത്. കണ്ടാലേ അറിയാം, എന്തോ വലിയ നിരാശ അയാളെ വേട്ടയാടുന്നുണ്ട്. അയാൾ ശരിക്ക് ആഹാരം കഴിച്ചിട്ട് ഒന്നോ രണ്ടോ ദിവസമായെന്നു വ്യക്തം.



മോർട്ടൻ വണ്ടി നിർത്തി ചെറുപ്പക്കാരനോട് കാര്യം ചോദിച്ചു. അയാൾ പറഞ്ഞു: "സർ, എന്റെ പേര് ഒലിവർ. നഗരത്തിൽ കോളജിൽ പഠിക്കുന്നു. കഴിഞ്ഞ ആഴ്ച നാട്ടിൽ വന്നപ്പോഴാണ് ആ നശിച്ച വെള്ളപ്പൊക്കം. വീട്ടിൽ വെള്ളം കയറി. എന്റെ പുസ്തകങ്ങളെല്ലാം നനഞ്ഞു കുതിർന്ന് നശിച്ചുപോയി. എന്റെ ഭാവിയാണ് നശിച്ചത്. ഇനി ഞാൻ പഠിക്കാൻ പോകുന്നില്ല." എല്ലാം കേട്ടു കഴിഞ്ഞപ്പോൾ മോർട്ടൻ പുഞ്ചിരിച്ചു. എന്നിട്ട് പോക്കറ്റിൽനിന്ന് ഒരു തീപ്പെട്ടി എടുത്ത് തുറന്ന് തീപ്പെട്ടിക്കൊള്ളികൾ ഓരോന്നായി എടുത്ത് താഴെ അക്ഷരങ്ങൾ പോലെ നിരത്താൻ തുടങ്ങി. "ഇതിൽ മൂന്നാമത്തെ അക്ഷരം വിട്ടുപോയിട്ടുണ്ട്. നാല് തീപ്പെട്ടിക്കൊള്ളി ബാക്കിയുണ്ട്. അതുപയോഗിച്ച് വിട്ടുപോയ അക്ഷരം വയ്ക്കാമോ?" മോർട്ടൻ ചോദിച്ചു.

ഒലിവർ നോക്കി. ST.P. അതാണ് വാക്ക്. ഒലിവർ നാല് തീപ്പെട്ടിക്കൊള്ളികളും എടുത്ത് മൂന്നാമത്ത അക്ഷരം വച്ചു. 0. അതോടെ വാക്ക് മുഴുവനായി. STOP,

അതു കണ്ടപ്പോൾ മോർട്ടൻ ചിരിച്ചുകൊണ്ട് മൂന്നാമത്തെ അക്ഷരത്തിലെ ഒരു കമ്പ് മാത്രം എടുത്തു 0 യുടെ വലതുവശത്തെ കമ്പ്. എന്നിട്ട് അത് നടുവിൽ കുറുകെ വച്ചു.

ഇപ്പോൾ അത് E എന്ന വാക്കായി മാറി! ഒരുമിച്ചു വായിച്ചാൽ STEP എന്നായിരിക്കുന്നു!

ഒലിവർ അദ്ഭുതത്തോടെ നിൽക്കുമ്പോൾ മോർട്ടൻ പറഞ്ഞു: "കണ്ടില്ലേ? STOP, STEP എന്നിവ തമ്മിൽ ചെറിയ വ്യത്യാസമേയുള്ളൂ. തടസ്സങ്ങളും പ്രതിസന്ധികളും വരുമ്പോൾ മിക്കവരും STOP എന്നു സ്വയം പറഞ്ഞ് പിന്തിരിയും. എന്നാൽ ചിലർ മാത്രം അത് STEP ആക്കി മുകളിലേക്ക് കയറിപ്പോകും. ഒലിവറിന്റെ മുഖം തെളിഞ്ഞു. തിരിച്ചടികൾ വരുമ്പോൾ തളർന്നു പിന്മാറുകയല്ല, കൂടുതൽ അധ്വാനിച്ച് മുന്നേറുകയാണ് വേണ്ടത് എന്ന് അവന് മനസ്സിലായിക്കഴിഞ്ഞിരുന്നു




☺ ചില പൊടിക്കൈകൾ പ്രയോഗിച്ച് ആളുകളെ വിശ്വസിപ്പിച്ച് വശത്താക്കാൻ എനിക്ക് സാധിക്കുന്നുണ്ട്. എന്നാണ് എനിക്കൊരു അത്ഭുത അനുഗ്രഹ ദാസനാകാൻ സാധിക്കുന്നത്?

തോമസ് മൂലപ്പാടം, മാനന്തവാടി, ചെറുകാട്ടൂർ, വയനാട്

☹ **ഇപ്പോൾ നിങ്ങളുടേത് ഒരു സ്റ്റാർട്ടപ്പ് കമ്പനിയാണ്. പ്രചാരകരും ദുർബല മനസുള്ളവരെ പറഞ്ഞുപറ്റിച്ച് ചതിക്കാനുള്ള കഴിവും വേണ്ടത്രയുണ്ടെങ്കിൽ നിങ്ങൾക്ക് താമസിയാതെ ഒരു അനുഗ്രഹ അത്ഭുത കോർപ്പറേറ്റ് കമ്പനിയാകാൻ സാധിക്കും.**

☺കൊടുങ്കാറ്റിൽ ആടിയുലയുന്ന പായ്‌വഞ്ചിയിലാണ് ഞാനിപ്പോൾ, താങ്കളോ?

പ്രശാന്ത് മോഹൻ, ചിന്നാർ, ഏലപ്പാറ, ഇടുക്കി

☹**കൊടുങ്കാറ്റിന്റെ ലക്ഷണം കണ്ടതോടെ ഞാൻ ലൈറ്റ് ഹൗസിൽ അഭയം പ്രാപിച്ചു.**

☺കുരങ്ങിൽ നിന്ന് പരിണമിച്ച മനുഷ്യൻ ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു?

ജോയമ്മ ചെറിയാൻ, പാറത്തോട്, എടക്കുന്നം, കാഞ്ഞിരപ്പള്ളി

☹**മനുഷ്യൻ സാത്താനായി പരിണമിച്ചുകൊണ്ടിരിക്കുകയാണ്.**

☺അനുഗ്രഹദാസന്മാർ വചനമാണല്ലോ പറയുന്നത്. അതിനെ ആ നിലയിൽ കണ്ടാൽ പോരെ?

വിമല ഫിലിപ്പ്, അടിമൺ, മീൻമുട്ടി, കോഴിക്കോട്

☹**കാണാം, കേട്ടിരിക്കാനാണ് പ്രയാസം**

☺നാം കേൾക്കുന്ന സാക്ഷ്യങ്ങൾ സത്യമോ, മിഥ്യയോ?

ഓമന ഉണ്ണി, കൈപ്പട്ടൂർ, അങ്ങാടിക്കൽ നോർത്ത്, പത്തനംതിട്ട

☹**വെന്തു കരിഞ്ഞ സത്യം**

☺ഈ കൊറോണക്കാലത്ത് പ്രസംകർക്ക് തങ്ങളുടെ ജീവിതത്തിൽ അത്യാവശ്യമായി വേണ്ടത്?

ജിനു ജോസഫ്, കട്ടച്ചിറ, നീലിപിലാവ്, പത്തനംതിട്ട

☹**നെറ്റ് കണക്ഷൻ**

☺മണിമാളികയിൽ ഒറ്റയ്ക്കു കഴിയുന്ന മാതാപിക്കളാണോ വൃദ്ധസദനങ്ങളിൽ കഴിയുന്ന മാതാപിതാക്കളാണോ സുരക്ഷിതർ?

ചെറിയാൻ ഫിലിപ്പ്, ചോറ്റുപാറ, തൂക്കുപാലം, വണ്ടൻമേട്

☹**സ്നേഹമുള്ളവരുടെ സാമീപ്യമാണ് വാർദ്ധക്യത്തിലെ സുരക്ഷ**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally